# മൂന്നുനോമ്പിലെ
# പ്രാർത്ഥനക്രമം

# തിങ്കൾ - സന്ധ്യാ

## കൗമാ

## പ്രാരംഭ പ്രാർത്ഥന

നിനുവാക്കാരുടെ അപേക്ഷയിൽ പ്രീതിപ്പെടുകയും അവരുടെ അനുതാപത്തെ കൈക്കൊള്ളുകയും അവർക്കർഹമായിരുന്ന ശിക്ഷയെ പിൻവലിക്കയും ചെയ്തവനായ ദൈവമേ, നിന്റെ അനിർവചനീയമായ മനുഷ്യസ്നേഹംനിമിത്തം ഇല്ലായ്മയിൽനിന്ന് ഞങ്ങളെ നീ സൃഷ്ടിച്ചുവല്ലോ. ഞങ്ങളുടെ അധർമ്മംനിമിത്തവും നിയമലംഘനങ്ങൾനിമിത്തവും ഞങ്ങളുടെമേൽ നീതിപ്രകാരം ഉണ്ടാകേണ്ടതായ ഉഗ്രകോപത്തെ നീ നീക്കിക്കളയണമേ. ഞങ്ങളുടെ പാപങ്ങൾക്കും കുററങ്ങൾക്കും തക്ക പ്രതിഫലം ഞങ്ങൾക്കു നല്കരുതേ. എന്നാലോ ഞങ്ങളിലും, വിലയേറിയ തിരുരക്തത്താൽ നീ രക്ഷിച്ചിട്ടുള്ള നിന്റെ വിശുദ്ധ സഭ മുഴുവനിലും ദയതോന്നി കരുണ ചെയ്യണമേ. ഞങ്ങൾ നിന്നെയും പിതാവിനെയും പരിശുദ്ധാത്മാവിനെയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തോത്രം ചെയ്ത് ആരാധിക്കുമാറാകണമേ. ആമ്മീൻ.

## സങ്കീർത്തനങ്ങൾ 141,142,119,117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു.... പേജ് 7

## എനിയോനോ

കർത്താവേ, നിന്റെ വാതിലിൽ ഞങ്ങൾ മുട്ടുന്നു. നിന്റെ സമൃദ്ധമായ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണയും ദയയും ഞങ്ങൾ അപേക്ഷിക്കുന്നു. നിന്നെ സ്തോത്രം ചെയ്താരാധിച്ച് നിനക്കു സ്തുതി പാടുവാനായി നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങൾ പരിഹരിക്കണമേ.

നമ്മിൽനിന്ന് ശിക്ഷകളും ക്രോധദണ്ഡുകളും നീങ്ങി ഇല്ലാതാകുവാനായി നിനുവക്കാരെപ്പോലെ അതിവേദനയോടെ ദൈവത്തോടു നാം അപേക്ഷിക്കണം. സകല ജനങ്ങളുമേ, വരുവിൻ, നമുക്കവനെ കുമ്പിട്ടു വന്ദിക്കാം.

അനുതാപികളുടെ നിർമ്മലക്കൂട്ടത്തിന് രാജകുമാരൻ തന്റെ സ്നേഹത്താൽ അനശ്വരമായ വിരുന്നും പരിശുദ്ധാത്മാവിന്റെ ജീവനുള്ള പാനീയവും തയ്യാറാക്കിയിരിക്കുന്നു. സകല ജനങ്ങളുമേ, വരുവിൻ, നമുക്കവനെ കുമ്പിട്ടു വന്ദിക്കാം.

കാരുണ്യവാനേ, നിനുവക്കാരെപ്പോലെ ഞങ്ങൾ നിന്നെ വിളിക്കുന്നു. ദോഷികളായ ഞങ്ങളോട് ദയവുണ്ടാകുകയും നിൻെറ കരുണയാൽ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളുകയും ചെയ്യണമേ. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്താരാധിച്ച് നിനക്കു സ്തുതി പാടുമാറാകണമേ.

ബാറെക്മോർ. പിതാവിനും... ആദിമുതൽ....

കരുണ നിറഞ്ഞവനായ കർത്താവേ, നിന്നിൽ സങ്കേതപ്പെടുന്ന പാപികളെ കടങ്ങളുടെ പരിഹാരത്തിനു യോഗ്യരാക്കണമേ. അവരുടെ അനുതാപത്തിനു പ്രതിഫലം നല്കണമേ. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു വന്ദിച്ച് നിനക്കു സ്തുതിപാടുമാറാകണമേ.

സ്തൗമെൻകാലോസ്...

## പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച്...

തന്റെ കരുണയാകുന്ന ഔഷധത്താൽ സൗഖ്യം പ്രദാനം ചെയ്വാനായി പാപരോഗത്തിൽപെട്ടവരുടെ അടുക്കലേയ്ക്കു തന്റെ കരുണയാൽ എഴുന്നെള്ളിവന്ന



ദയാലുവായ വൈദ്യനും വേദനിക്കുന്നവരെ സാന്ത്വനപ്പെടുത്തുകയും ദുഷ്പ്രവൃത്തിക്കാരോടു ക്ഷമിക്കുകയും അനുതാപികളെ സ്വീകരിക്കുകയും അവരുടെ കടങ്ങളെ മായ്ക്കുകയും ചെയ്യുന്ന ദീർഘക്ഷമയുള്ളവനുമായ തനിക്ക് സ്തുതി. അവന് ഈ സമയത്തും...

## സെദറാ

കാരുണ്യവാനും അനുഗ്രഹസമ്പന്നനും ദിവ്യ ദാനങ്ങളിൽ ഉദാരനും പാപി അനുതപിച്ച് ജീവിക്കണമെന്നല്ലാതെ അവന്റെ മരണത്തിൽ ഇഷ്ടമില്ലാത്തവനുമായ ദൈവമേ, പൂർവ്വകാലങ്ങളിൽ സൃഷ്ടികളിൽ നിന്റെ കരുണ ചൊരിയുകയും അവരുടെ വേദനകളെ ശമിപ്പിക്കുകയും നിന്റെ സഹായങ്ങളാൽ അവരെ നീ സുഖപ്പെടുത്തുകയും ചെയ്തു. മെസ്രേൻകാരുടെ കഠിനപീഡനങ്ങളിൽനിന്ന് രക്ഷിക്കുവാൻ നീതിമാനും പുണ്യവാനുമായ യൗസേഫിനേയും ആഹാബ് ആദിയായവരുടെ ദുരാഗ്രഹത്തിൽനിന്ന് മോചിപ്പിക്കുവാൻ ഏലിയാദീർഘദർശിയേയും, നിനുവാനഗരത്തിലേയ്ക്കു യൗനാൻദീർഘദർശിയേയും നീ കല്പിച്ചയച്ചു. നാൽപതു ദിവസത്തിനകം നിനുവാപട്ടണത്തെ നശിപ്പിക്കുമെന്ന് യൗനാൻ പ്രസംഗിച്ചു. പട്ടണം മുഴുവൻ ഭ്രമിക്കുകയും രാജാവും പ്രജകളും ഉപവസിക്കുകയും കർത്താവ് അവരുടെ കണ്ണുനീരുകളും ആത്മാർത്ഥമായ അനുതാപവും കണ്ട് അവരുടെമേലുള്ള കോപം നീക്കിക്കളയുകയും ചെയ്തു. ഉയരത്തിൽനിന്ന് അനാദ്യന്തന്റെ കരുണ അവരിൽ ചൊരിഞ്ഞു. ഇപ്രകാരം ദൈവമായ കർത്താവേ, ഞങ്ങളുടെ അനുതാപവും കൈക്കൊള്ളണമേ. ഞങ്ങളുടെ സകല പാപങ്ങളും

കറകളും നീക്കണമേ. സാത്താന്റെ ബന്ധനങ്ങളെ ഛേദിക്കണമേ. തിന്മയാകുന്ന സമുദ്രത്തിൽനിന്ന് ഞങ്ങളെ വീണ്ടെടുക്കണമേ. എന്തെന്നാൽ നീ നല്ലവനും സകലരിലും കരുണ വർഷിക്കുന്നവനുമാകുന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും അർപ്പിക്കും. ഹോശോ... ആമ്മീൻ

## കോലോ

ഉത്തമനാഥനും ദയാലുവുമായ ദൈവമേ, നിനക്കു സ്തുതി. എന്തെന്നാൽ എല്ലാവിധത്തിലും മനുഷ്യരുടെ രക്ഷയെ നീ ആഗ്രഹിക്കുന്നു. മനുഷ്യസ്നേഹമുള്ള കർത്താവേ, സത്യത്തിൽനിന്നു തെററി പാപവികാരങ്ങൾക്ക് അടിമപ്പെട്ട നിനുവയെ സാത്താന് പങ്കാളിയായിത്തീരുവാൻ തക്കവണ്ണം നീ ഉപേക്ഷിച്ചില്ല. എന്നാലോ കരുണാമയ മായ ന്യായത്തീർപ്പാൽ അതിന്റെ തെററിൽനിന്ന് നീ അതിനെ തിരിക്കുകയും അത് നിന്റെ തിരുനാമത്തിന്റെ നല്ല അവകാശിയായിത്തീരുകയും അനുതാപത്താൽ ശ്രേഷ്ഠത പ്രാപിക്കുകയും ചെയ്തു. ബാറെക്മോർ.

പിതാവിനും...

മല്ലന്മാരുടെ പട്ടണമായ നിനുവ വ്യർത്ഥതയിൽ കുടുങ്ങി സത്യവഴി വിട്ടു തെററിപ്പോയി. അതു പാപത്തിന്റെ ഓഹരി പ്രാപിക്കുവാനായി നീ അതിനെ ഉപേക്ഷിച്ചില്ല; പിന്നെയോ നിന്റെ മനുഷ്യസ്നേഹത്താൽ നാശത്തിൽനിന്ന് അതിനെ വീണ്ടെടുത്തു. നിന്റെ കരുണ യാലും കൃപയാലും രക്ഷ സമ്പാദിച്ചു. കർത്താവേ, ഇതാ നിന്റെ സഭ അതിന്റെ മക്കളോടു കരുണ ചെയ്വാനായിട്ട് എപ്പൊഴും നിന്നോടു നിലവിളിക്കുന്നു.

ആദിമുതൽ...



കർത്താവേ, നിന്റെ കരുണാവാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങൾ നീ നിരസിക്കരുതേ. പാപിനിയായ സ്ത്രീ കണ്ണുനീരോടെ നിന്നെ വിളിക്കുകയും നിന്നിൽനിന്ന് കടങ്ങളുടെ മോചനം പ്രാപിക്കുകയും ചെയ്തു. നിന്റെ ഇടവകയിലെ ആചാര്യന്മാരുടെ കണ്ണുനീരാൽ നീ സമ്പാദിച്ച സഭയോടു ദയ ചെയ്യണമേ. കർത്താവേ, ഞങ്ങൾ പാപം ചെയ്തുവെന്ന് ഞങ്ങൾ അറിയുന്നു. ഞങ്ങളുടെ തിന്മകൾ എപ്പോഴും പെരുകി ക്കൊണ്ടിരിക്കയും ചെയ്യുന്നു. ഉത്തമനായുള്ളോവേ, കരുണയോടെ മനസ്സലിഞ്ഞ് പാപത്തിന്റെ എല്ലാ മാലിന്യങ്ങളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമേ. ആമ്മീൻ.

## എത്രോ

നന്മകൾ നല്കുന്നവനും സൃഷ്ടികളിൽ കൃപ ചൊരിയുന്നവനുമായ നാഥാ, നിന്റെ തിരുരക്തത്താൽ വിലയ്ക്കു കൊള്ളപ്പെട്ടവരും നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടവരുമായ തിരുസഭയുടെ സകല മക്കളിലും നിന്റെ കൃപാനുഗ്രഹങ്ങൾ ധാരാളം ചൊരിയണമേ. ഈ സമയം നിന്റെ മഹത്ത്വത്തിൻമുൻപാകെ സമർപ്പിക്കുന്ന ധൂപം കൈക്കൊള്ളണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശൊ...

## കോലോ

ദൈവമുമ്പാകെ നിനുവാനഗരം അനുതാപം അർപ്പിക്കുകയും സ്വർഗ്ഗവാതിൽ തുറക്കപ്പെട്ട് കരുണ പ്രാപിക്കുകയും ചെയ്തു. രാജാവ് ഉപവസിക്കുകയും ചാക്കുടുത്ത് ദു:ഖിക്കുകയും ചെയ്തു. പ്രജകളും അതുകണ്ട് ചാക്കുടുത്ത് തലയിൽ വെണ്ണീർ പൂശി.

അവരുടെ അന്യായത്തിൽനിന്ന് അവർ പിന്തിരിഞ്ഞുവെന്ന് കാരുണ്യവാൻ കണ്ട് നീതിപൂർവ്വകമായ ശിക്ഷയെ പിൻവലിച്ചു. തന്റെ അടുക്കലേയ്ക്കു തിരിച്ചുവരുന്ന അനുതാപികളിൽ സന്തോഷിക്കുകയും അവരെ അനുതാപത്തിലേയ്ക്കു വിളിക്കുകയും ചെയ്യുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ

പിതാവിനും...

യൗനാൻദീർഘദർശി സ്വയം മരണം വരിക്കുവാൻ നിശ്ചയിച്ചു. നിനുവക്കാർ നാല്പതുദിവസത്തെ നോമ്പും നിശ്ചയിച്ചു. യൗനാൻ നിനുവ നശിച്ചുപോകുന്നതു കാണുവാൻ നോക്കിപ്പാർത്തു. നിനുവക്കാരോ കർത്താവിൽനിന്നുള്ള കരുണയ്ക്കായും നോക്കിപ്പാർത്തു. കാരുണ്യവാൻ അവരുടെ കണ്ണുനീർ കണ്ട് കരുണ ചൊരിയുകയും അവരുടെ അപേക്ഷ കൈക്കൊള്ളുകയും ചെയ്തു. അവരോടുത്തരമരുളിയ ദൈവമേ, നിന്റെ ആരാധകരോട് ഉത്തരമരുളുകയും നിന്റെ കരുണയാൽ അവരുടെ യാചനകൾക്കു മറുപടി നല്കുകയും ചെയ്യണമേ.

ആദിമുതൽ...

കർത്താവേ, പരിമളധൂപത്തെ ഞങ്ങൾ സമർപ്പിച്ചു കൊണ്ട് നിന്റെ ശ്രീഭണ്ഡാരത്തിൽനിന്നു കരുണയും ദയയും യാചിക്കുന്നു. എന്തെന്നാൽ നീ അനുകമ്പയുള്ളവനും അനുതാപികളിൽ പ്രീതിപ്പെടുന്നവനും ആകുന്നുവല്ലോ. ദൈവമായ കർത്താവേ, നിന്നിൽ മാത്രമാണ് ഞങ്ങളുടെ ശരണവും ആശ്രയവും. സ്നേഹത്തോടും വിശ്വാസത്തോടുകൂടി ഞങ്ങൾ



യാചിക്കുന്നു. നല്ലവനേ സങ്കടത്തോടും കണ്ണുനീരോടും കൂടിയ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങൾ എല്ലാവരുടെയും യാചനകൾക്ക് നിന്റെ കരുണയാൽ ഉത്തരമരുളണമേ. മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസോ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

നിനുവയിലെ ജനത്തെ അനുതാപത്തിലേക്ക് തിരിക്കുവാനായി യൗനാൻദീർഘദർശിക്ക് ദൈവത്തിൽ നിന്നു വെളിപാടുണ്ടായി. നിനുവയെപ്പററി വിധി തീർപ്പുചെയ്തുകൊണ്ട് അതിന്റെ ദുഷ്ടതകൾ നീക്കിക്കളയുവാനായി മാനസാന്തരം പ്രസംഗിക്കാൻ യൗനാനെ അവിടേക്കയച്ചു. "നിന്റെ ദുഷ്ടതകളും വഷളത്വങ്ങളും പെരുകിയിരിക്കുന്നതിനാൽ നിനുവയേ നിനക്കു കഷ്ടം. ഇനിയും നാല്പതു ദിവസത്തിനുള്ളിൽ നീ മൺകൂമ്പാരമായിത്തീരും. നിന്റെ ഭംഗിയെല്ലാം വാടിപ്പോകയും നിന്റെ പ്രകാശം മുഴുവൻ അന്ധകാരമാകുകയും ചെയ്യും."

പ്രഭാഷകന്റെ വചനത്തിൽ സംശയിക്കാതെ അവർ തീക്ഷ്ണതയോടെ പ്രാർത്ഥനയ്ക്കായി ഒന്നിച്ചുകൂടി. യൗനാനെ അവർ കേൾക്കുകയും അവൻ പറഞ്ഞതെല്ലാം അവർ സ്വീകരിക്കുകയും ചെയ്തു. കർത്താവിനോട് അവർ യാചിച്ചു. രാജാവും അധികാരികളും നഗരവാസികൾ എല്ലാവരും നിനുവക്ക് മാനസാന്തരം പ്രസംഗിച്ച യൗനാന്റെ പ്രസംഗത്താൽ ഇളകുകയും പരിഭ്രമിക്കുകയും ചെയ്തു.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈയ്ക്കൊള്ളുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

### ഹൂലോലൊ

ഹാ-ഹാ-പാപകൃത്യങ്ങളിൽനിന്നും മോചിതനാരോ ധന്യനവൻ, ഭാഗ്യമവ മറയ്ക്കപ്പെട്ടവനും ഹാ -

### ഏവൻഗേലിയോൻ

### മോറാനേശുമിശിഹാ പേജ് 19

### കൗമാ

### വിശ്വാസപ്രമാണം



# തിങ്കൾ - സൂത്താറാ

### കൗമാ

തെശുബ്ബുഹുത്തോ ലാലോഹോ ബമ്റൗമ്മേ അൽഅറഒ

ശ്ലോമ്മോ ഉശൈനോ ഉ, സബ്റോ തോബൊ ലബ് നൈനോശൊ ✠

(അത്യു-ന്നതത്തിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ ശാന്തി-നന്മർത്യർക്ക് ശരണവുമുണ്ടാ-ക-ട്ടെ ✠)

(മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടുക.)

അല്ലെങ്കിൽ

“അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സമാധാനവും മനുഷ്യമക്കൾക്ക് നല്ലശരണവും രമ്യതയും ഉണ്ടായിരിക്കട്ടെ.”

### സങ്കീർത്തനം 4

എന്റെ ദൈവവും ...പേജ് 21

### എക്ബൊ

കർത്താവേ, കരുണനിറഞ്ഞ നിന്റെ വാതിൽ പാപിനിക്ക് തുറന്നുകൊടുത്തതുപോലെ എനിക്ക് തുറന്നു തരേണമേ. ഞാൻ സമർപ്പിക്കുന്ന കണ്ണുനീർ കൈക്കൊണ്ട് എന്റെ കടങ്ങൾക്ക് മോചനം നല്കണമേ. ഒരു ചെറുവിരലിൽനിന്ന് ഇറ്റുവീഴുന്ന വെള്ളം ചോദിക്കുന്നതായി ധനവാന്റെ ഉപമയിൽ പറഞ്ഞിരിക്കുന്ന പ്രകാരം, അബ്രഹാമിൽനിന്ന് അവിടെ ഞാൻ വെള്ളം ആവശ്യപ്പെടാതിരിപ്പാൻ, നിന്റെ പക്കൽനിന്ന് ജീവന്റെ ജലം ഞാൻ കോരി എടുക്കുമാറാകണമേ. സ്തൗമെൻ....

## കോലോ

നോക്കണമെൻ ദുരിതം-നാ-ഥാ... പേജ് 22

## മാർ യാക്കോബിന്റെ ബോവൂസോ

ഉടയോൻ നാഥാ നിന്നെ ഞങ്ങൾ... പേജ് 24

## മാർ അപ്രേമിന്റെ ബോവൂസാ

കർത്താവേ, കൃപ ചെയ്യണമേ... (ഞങ്ങൾക്കുള്ള കർത്താവേ... എന്ന രീതി) പേജ് 27

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ പേജ് 31

## എനിയോനോ

ജീവന്റെ വൃക്ഷമേ... പേജ് 35

## മാനീസോ

കർത്താവേ, നിന്റെ കരുണയിൻ... പേജ് 38

## ക്രോബേന്മാരുടെ സ്തുതി

✠കർത്താവിന്റെ ബഹുമാനം പേജ് 40

## സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

## കൃപനിറഞ്ഞ മറിയമേ...

## വിശ്വാസപ്രമാണം

## ധൂപാർപ്പണ ശുശ്രൂഷ

## കുക്കിലിയോൻ, ഹൂത്തോമ്മോ



# തിങ്കൾ - രാത്രി

## കൗമാ

## പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത..... പേജ് 42

## സങ്കീർത്തനങ്ങൾ 133, 118, 116

രാത്രികാലങ്ങളിൽ... പേജ് 42

## എനിയോനോ

നാല്പതുദിവസങ്ങൾക്കുശേഷം നിനുവപട്ടണം നശിക്കുമെന്നുള്ള ദീർഘദർശിയുടെ വചനം നിനുവക്കാർ കേട്ടു.

നിനുവ നശിക്കുമെന്നുള്ള അവന്റെ ശബ്ദം മഹാകോട്ടയുടെ നേരെ ഉയർന്നു.

അവർ അനുതാപം നിശ്ചയിച്ചുകൊണ്ട് അപേക്ഷ നടത്തി. അവർക്കു കരുണ ലഭിക്കയും അവർ സ്തുതി പാടുകയും ചെയ്തു.

ശിശുക്കൾക്കും പൈതങ്ങൾക്കും പാൽ നിരസിക്കപ്പെട്ടു. മണവാളന്മാരും മണവാട്ടികളും അവരുടെ അലങ്കാരങ്ങൾ വലിച്ചെറിഞ്ഞു.

പരിമളത്തിനു പകരം ചാരവും വസ്ത്രത്തിനു പകരം ചാക്കും, രാജാവും പ്രജകളും പ്രധാനികളും ധരിച്ചു.

ബാറെക്മോർ. പിതാവിനും... ആദിമുതൽ...

ദയാനിധിയായ പിതാവിനും കരുണാർദ്രനായ പുത്രനും വിമോചകനായ പരിശുദ്ധാത്മാവിനും മഹത്വമുണ്ടാകട്ടെ.

കുറിയേ... കുറിയേ... കുറിയേ....

### എക്ബോ

നിനുവക്കാരോടു കനിഞ്ഞ് അവരുടെ പട്ടണത്തെ സഹായിക്കുകയും ശിക്ഷയിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്ത കൃപയ്ക്കു സ്തുതി. സ്തൗമെൻ

### കോലോ

നിനുവക്കാരുടെ യാചന സങ്കടവും വേദനയും നിറഞ്ഞതായിരുന്നു. രാജാവും പ്രജകളും സർവ്വജനങ്ങളും ചാക്കുടുത്ത് മണ്ണിൽ കിടന്നു. "കർത്താവേ, നിന്റെ കോപത്തിൽ ഞങ്ങളെ ശാസിക്കയോ നിന്റെ ക്രോധത്തിൽ ഞങ്ങളെ ശിക്ഷിക്കയോ ചെയ്യരുതേ" എന്നവർ നിലവിളിച്ചു പറഞ്ഞു.

ബാറെക്മോർ.. പിതാവിനും... ആദിമുതൽ....

നിനുവയുടെമേലുള്ള ദൈവകോപത്തെക്കുറിച്ചു യൗനാൻ പ്രസംഗിച്ചത് കോട്ടയിലും പട്ടണത്തിലുമുള്ളവർ കേട്ടു. നശിച്ചുപോകുന്ന ജനങ്ങളെക്കുറിച്ചും ഉന്മൂലനാശം വരുന്ന വിസ്മയനീയങ്ങളായ സ്ഥാപനങ്ങളെക്കുറിച്ചും അവർ വിലപിക്കയും സങ്കടപ്പെടുകയും ചെയ്തു. കർത്താവേ എഴുന്നേററ് നിന്റെ കൂട്ടത്തെ രക്ഷിക്കണമേ. നിന്റെ അവകാശത്തോടു കരുണ ചെയ്യണമേ എന്നവർ കരഞ്ഞപേക്ഷിച്ചു.

(വേറൊന്ന്)

കാരുണ്യവാനായ പിതാവിന്റെ കരുണ നിസ്സീമമാകുന്നു. താൻ ദയയോടെ കരുണ ചെയ്യുന്നവനും മോചനവും സഹായവും നൽകുന്നവനുമാകുന്നു. താൻ പുണ്യപ്പെടുത്തുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു.



നിന്റെ നീതി നിനുവക്കാർക്കു നാശം നിശ്ചയിക്കയും നിന്റെ ആർദ്രമായ കരുണ നിനുവയെ ശിക്ഷയിൽനിന്ന് രക്ഷിക്കുകയും ചെയ്തു. ഇവ രണ്ടിനാലും മനുഷ്യവർഗ്ഗത്തിനു നീ അനുഗ്രഹം ചെയ്തു.

മത്തായിയുടെ പുത്രനെ അവർ വിശ്വസിച്ചു. തിന്മകളാൽ കോപവും വിധിതീർപ്പും പ്രതികാരവും പൂണ്ടിരുന്ന നീതിയെ അതിനാൽ രമ്യപ്പെടുത്തുകയും കൃപയുടെ ചിറക് രക്ഷയ്ക്കായി വിരിക്കുകയും ചെയ്തു.

കോപിച്ചിരുന്ന ദൈവത്തിന് അർപ്പിക്കപ്പെട്ട അനുതാപവും കണ്ണനീരുകളും കരച്ചിലും നെടുവീർപ്പുകളും മോചനാപേക്ഷയും അവർക്കു ബഹുമതിയായിത്തീർന്ന കുറ്റമറ്റ ആയുധമായിരുന്നു. മൊറിയോ...

### മാർ യാക്കോബിന്റെ ബോവൂസാ

ഉടയോൻ നാഥാ വിളിക്കുന്നടിയാർ... പേജ് 47

### രണ്ടാം കൗമാ

✠കർത്താവിന്റെ ബഹുമാനം... പേജ് 40

### എക്ബോ

നിനുവക്കാരെ തിന്മയിൽനിന്ന് നന്മയിലേക്ക് മാനസാന്തരപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. സ്തൗമെൻകാലോസ്....

### പ്രുമിയോൻ, സെദറാ

### കോലോ

നിനുവാനഗരം മുഴുവൻ സങ്കടത്തോടും കണ്ണുനീരോടും കൂടി കരയുകയും ഏകശബ്ദത്തിൽ നീതിയുടെ മുൻപിൽ നിലവിളിക്കുകയും ചെയ്തു. അതിന്റെ പ്രാർത്ഥനയും നോമ്പും കർത്താവു ശ്രദ്ധിക്കുകയും അതിന്മേലുള്ള

ന്യായത്തീർപ്പും കോപവും നീക്കിക്കളയുകയും ചെയ്തു. അവരുടെ പ്രാർത്ഥന കൈക്കൊണ്ട ദൈവമേ, നിന്നെ വിളിക്കുന്ന നിന്റെ അടിയാർക്കുത്തരമരുളണമേ. ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ. ബാറെക്മോർ

പിതാവിനും.... ആദിമുതൽ.....

അഗ്രചർമ്മഛേദനം അനുഷ്ഠിക്കാത്തവരും പ്രാകൃതന്മാരുമായ നിനുവക്കാർ യൗനാന്റെ പ്രസംഗത്താൽ അനുതപിച്ച് മാനസാന്തരപ്പെട്ടു. ‘‘രാപകൽ തിരുവെഴുത്തുകൾ ഞങ്ങളോടു പ്രസംഗിച്ചിട്ടും ഞങ്ങൾ എത്രമാത്രം അഹങ്കാരികളും ഹൃദയകാഠിന്യമുള്ളവരുമായിരിക്കുന്നു. ഞങ്ങളുടെ ഹൃദയം മാർദ്ദവപ്പെടുകയോ ഭേദപ്പെടുകയോ ചെയ്യുന്നില്ല. നീതിയെക്കുറിച്ചു ഞങ്ങൾക്ക് പരിഭ്രമമില്ല. ഞങ്ങളെ സഹിക്കയും ഞങ്ങളുടെ ദുഷ്ടത വിസ്മരിക്കയും ചെയ്യുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.” മൊറിയോ...

## എത്രോ
## കോലോ

ദൈവകോപത്തിന്റെ കാരണം പാപമാകുന്നുവെന്ന് നിനുവേരാജാവ് ഗ്രഹിച്ചു. തിന്മകളുടെ കാരണത്തെ വർജ്ജിപ്പാനും അനുതാപത്താൽ ദൈവകോപം നീക്കുവാനും സ്വർഗ്ഗസ്ഥനായ നാഥനെ പ്രീതിപ്പെടുത്തുവാനും വേഗം അവർ ഉപവാസത്തിൽ അഭയം പ്രാപിച്ചു.

നിനുവക്കാരിലേക്ക് തന്റെ കരുണയെ ഒഴുക്കിയവനെ അവർ സ്തോത്രം ചെയ്യുകയും സ്തുതിക്കുകയും ചെയ്തു.



പട്ടണം മുഴുവൻ ഇളകുകയും എല്ലാ ദിവസവും തനിക്കു സ്തോത്രം പാടുകയും ചെയ്തു. അവരുടെ അപേക്ഷ കേട്ട്, സ്വീകരിച്ച ദൈവത്തെ അവരെല്ലാവരും സ്തുതിച്ചു.

വൃദ്ധന്മാരും യുവജനങ്ങളും ഉപവസിച്ച് നെടുവീർപ്പോടെ വിലപിച്ചു. കഠിനമായി അവർ സങ്കടപ്പെട്ടു. ഉത്തമനാഥൻ അവരുടെ യാചനകൾ നിരസിക്കാതെ വേഗം ഉത്തരമരുളി അവരിൽനിന്ന് ശിക്ഷയെ നീക്കികളഞ്ഞു.

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവെ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ.

യഹൂദനായ യൗനാൻ നിനുവയിൽ അഗ്രചർമ്മികളുടെ ഇടയിൽ പ്രസംഗിച്ചു. ആ ധീരൻ കോട്ടയിലേക്കു പ്രവേശിച്ച് ദുഃഖശബ്ദത്താൽ അതിനെ ഇളക്കി. ജാതികളുടെ നഗരം ദുഃഖം പൂണ്ടു. കടലിൽനിന്ന് കരേറിയ യൗനാൻമൂലം കടൽപോലെ അതിളകി മറിഞ്ഞു.

ദൈവസന്നിധിയിൽനിന്ന് യൗനാനും വിശുദ്ധിയിൽ നിന്ന് നിനുവക്കാരും ഓടിപ്പോയി. ഇരുകൂട്ടരെയും നീതി കുററക്കാരായി ബന്ധിച്ചു. ഇരുഭാഗക്കാരും അനുതാപം അർപ്പിക്കുകയും രക്ഷപ്രാപിക്കുകയും ചെയ്തു. യൗനാൻ കടലിലും നിനുവക്കാർ കരയിലും കാത്തുകൊള്ളപ്പെട്ടു.

പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾക്കുത്തരം നല്കുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളോടു സംപ്രീതനായി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്കുത്തരം നല്കണമെ.

## മൂന്നാം കൗമാ

✠കർത്താവിന്റെ ബഹുമാനം... പേജ് 40

## എക്ബോ

കർത്താവേ ഞാൻ അനുതപിക്കുകയും കൈയ്പ്പോടെ കരയുകയും നെടുവീർപ്പോടെ നിലവിളിക്കുകയും ചെയ്യുന്നു. എന്തെന്നാൽ കടങ്ങൾ വർദ്ധിച്ചും എന്റെ കുറ്റങ്ങൾ ശക്തിപ്പെട്ടുമിരിക്കുന്നു. എന്റെ ഞെരുക്കങ്ങളാൽ ഞാനിതാ പീഡിതനായിരിക്കുന്നു. സ്തൗമെൻകാലോസ്....

## കോലോ

ഞാൻ പാപം ചെയ്യുകയും ആരും കാണാതിരിക്കുവാനായി സ്വയം മറയ്ക്കുകയും ചെയ്യുന്നു. ഞാൻ തിന്മ ചെയ്യുമ്പോൾ കർത്താവ് എന്നെ കാണുന്നു. മനുഷ്യൻ എന്നെ കാണുന്നുവെങ്കിൽ ഞാൻ ലജ്ജിക്കുന്നു. എന്നാൽ ദൈവം എന്നെ കാണുന്നുവെങ്കിൽ ഞാൻ ലജ്ജിക്കുന്നുമില്ല. കർത്താവേ നീ ന്യായാധിപന്മാരുടെ വലിയ ന്യായാധിപനാകുന്നു. ഒരുവൻ മരിച്ചാലും ജീവിച്ചാലും നിന്റെ തൃക്കരങ്ങളിലാകുന്നവല്ലോ. നിന്റെ കരുണയാൽ ഞങ്ങളോടു ദയ ചെയ്യണമെ. ബാറെക്മോർ

പിതാവിനും... ആദിമുതൽ...

ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളോടു നീ ഉത്തരമരുളേണമേ. ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന വേറെ പിതാവ് ഞങ്ങൾക്കില്ല ഞങ്ങൾ ഇല്ലാതിരുന്നപ്പോൾ നിനക്കു തിരുവിഷ്ടം തോന്നി ഞങ്ങളെ നീ സൃഷ്ടിച്ചു. ഞങ്ങൾ ഉള്ളപ്പോൾ നിന്റെ കോപം ഞങ്ങളെ നശിപ്പിക്കരുതെ.



കർത്താവേ, നിന്റെ കൽപ്പനകൾ ഞങ്ങളെ പഠിപ്പിക്കുകയും ഞങ്ങൾ അവ പാലിക്കുകയും ചെയ്യണമെ. സുകൃതപ്രവൃത്തികളാൽ നിന്നെ ഞങ്ങൾ പ്രസാദിപ്പിക്കുമാറാകണമെ. നാഥാ, നിന്റെ കരുണയാൽ ഞങ്ങളോടു ദയ തോന്നണമേ. മൊറിയോ റാഹേം...

## മാർ ബാലായിയുടെ ബോവൂസോ

പാപികളോടു കരുണ ചെയ്യുന്നവനേ, നീ ന്യായം വിധിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമെ. നിന്റെ കൃപാധിക്യത്താൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ.

നിനുവ നശിപ്പിക്കപ്പെടുമെന്ന് അട്ടഹസിച്ചുകൊണ്ട് മഹാകോട്ടയുടെമേൽ സംഹാരം നിശ്ചയിച്ചും നാശം ക്ഷണിച്ചും യൗനാൻ പ്രസംഗിച്ചു.

നഗരംമുഴുവൻ ഒന്നിച്ചുകൂടി അപേക്ഷിക്കുകയും അനുതപിക്കുകയും ചെയ്തപ്പോൾ അവർക്കു കരുണ ലഭിക്കുകയും മഹത്ത്വം പാടുകയും ചെയ്തു.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമെ.

## നാലാം കൗമാ

✠ ഹാലേലുയ്യാ - ഹാലേലുയ്യാ പേജ് 55

## സങ്കീർത്തനങ്ങൾ 148,149,150

ഉറങ്ങിയവരേ, നിങ്ങൾ... പേജ് 55

ത്രിത്വത്തിന് സ്തുതി, പേജ് 58

## കോലോ

കർത്താവേ, ദുരിതത്തിന്റെ കുഴിയിൽനിന്നും നാശത്തിന്റെ ചെളിയിൽനിന്നും പുറത്തെ അന്ധകാരത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. അവസാനം സംഭവിക്കയും രക്തസാക്ഷികൾ തങ്ങളുടെ കിരീടം പ്രാപിക്കയും ചെയ്യുമ്പോൾ അവരോടൊന്നിച്ച് ഞങ്ങൾ മണവറയിൽ പ്രവേശിച്ച് നിനക്കു സ്തുതി പാടുമാറാകണമേ. ബാറെക്മോർ

പിതാവിനും... ആദിമുതൽ...

ഞാൻ നീതിമാന്മാർക്കുവേണ്ടിയല്ല, പാപികൾക്കു വേണ്ടിയാകുന്നു വന്നിരിക്കുന്നതെന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ഇതാ കർത്താവിന്റെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. പാപികളേ അനുതപിച്ചു രക്ഷപ്രാപിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ മരണത്തിൽ ഞാൻ ഇഷ്ടപ്പെടുന്നില്ലെന്നു ദൈവം അരുളിചെയ്തിരിക്കുന്നു. മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസോ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവേ, നിന്നോടുള്ള സംസർഗ്ഗത്തിൽനിന്ന് ഞാൻ അകന്നു പോകരുതേ. അധർമ്മം എന്നെ പുറത്താക്കിയെങ്കിലും നിന്റെ ആർദ്രസ്നേഹം എന്നെ അകത്തു പ്രവേശിപ്പിക്കണമേ. പാപം പതിയിരുന്ന് എന്നെ നിർദ്ദയം മുറിപ്പെടുത്തിയിരിക്കുന്നു. ജ്ഞാനിയായ



വൈദ്യാ! എന്നെ വേദനപ്പെടുത്തുന്ന മുറിവുകളെ സുഖപ്പെടുത്തണമേ.

ദുഷ്ടൻ എനിക്കു വല വിരിച്ചിരിക്കുന്നു. കണ്ടാലും! അവന്റെ കെണിയിൽപ്പെട്ട് ഞാൻ ഞെരുങ്ങുന്നു. നീ അവന്റെ കെണികളെ തകർത്ത് അവന്റെ പീഡനങ്ങളിൽ നിന്ന് എന്നെ രക്ഷിക്കണമേ. നല്ല ഇടയാ, തെററിപ്പോയ ആടിനെ അന്വേഷിച്ചു പുറപ്പെടണമേ. അതിന്റെ ജീവനെ അന്വേഷിക്കുന്ന ദുഷ്ടന്റെ കൈകളിൽനിന്ന് അതിനെ രക്ഷിക്കണമേ.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

അത്യുന്നതങ്ങളിൽ......പേജ് 61

**മോറാനേശുമിശിഹാ** പേജ് 19

**കൗമാ**

**വിശ്വാസപ്രമാണം.**

# തിങ്കൾ - പ്രഭാതം

## കൗമാ

## പ്രാരംഭ പ്രാർത്ഥന

നിനുവക്കാർ അവരുടെ ഘോരപാപത്താൽ ശിക്ഷാർഹരാകുകയും അവരോട് യൗനാൻ മാനസാന്തരം പ്രസംഗിക്കുകയും ചാക്കിലും ചാരത്തിലും അവർ അനുതപിച്ച് നോമ്പനുഷ്ഠിക്കുകയും ചെയ്തു. ആകയാൽ കരുണയോടെ അവരുടെ ശിക്ഷാവിധി നീക്കിക്കളഞ്ഞ കർത്താവേ, നിന്റെ അടിയാരായ ഞങ്ങളുടെ പാപത്തെയും അതിക്രമത്തെയുംപ്പററി അനുതപിച്ച് വിശുദ്ധ നോമ്പാചരിക്കുവാൻ കനിയണമേ. കർത്താവേ, ഞങ്ങളുടെമേലുള്ള നിന്റെ കോപത്തെയും ശിക്ഷയെയും കരുണയാൽ ദൂരീകരിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ഞങ്ങൾ നിന്റെ കരുണയെ എന്നും സ്തോത്രം ചെയ്യുമാറാകണമേ. ആമ്മീൻ.

## സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻപ്രകാരം... പേജ് 63

## എനിയോനോ

കർത്താവേ, നിന്റെ തിരുവിഷ്ടത്തെ... പേജ് 65

## സങ്കീർത്തനം 63

എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു... പേജ് 66

## എനിയോനോ

ഉപവാസത്താലും, നോമ്പാലും, പ്രാർത്ഥനയാലും അനുതാപത്തിന്റെ കണ്ണുനീരാലും നിനുവക്കാരെ കരുണയോടെ വീണ്ടെടുത്തവനായ ദൈവമേ,



തിരുമുമ്പിൽ ഞാൻ അടുത്തുവരുന്നു. എന്നോടു കരുണയുണ്ടാകണമേ.

സങ്കടത്തോടെ അപേക്ഷിച്ച നിനുവക്കാരിൽനിന്ന്, അവരുടെമേൽ നിശ്ചയിക്കപ്പെട്ടിരുന്ന ശിക്ഷാവിധിയെ നീക്കിക്കളഞ്ഞ ദൈവമേ, തിരുമുമ്പിൽ ഞാൻ.....

കടങ്ങളും പാപങ്ങളും ഉള്ളവനും തിന്മകളുടെ ഓളങ്ങളാൽ ഞെരുക്കപ്പെടുന്നവനും നിനുവക്കാരെ പ്പോലെ അവന്റെ കുററങ്ങൾക്കുവേണ്ടി അപേക്ഷിച്ച് അനുതാപത്തോടെ യാചിക്കണം. ദൈവമേ, തിരുമുമ്പിൽ ഞാൻ.....

സകല ജനങ്ങളുമേ, വരുവിൻ, കടങ്ങളെ പരിഹരിക്കുന്ന കർത്താവിനു മഹത്ത്വം പാടുവിൻ, നിനുവക്കാരെപ്പോലെ കർത്താവു നമ്മുടെ കടങ്ങളും പാപങ്ങളും നമ്മോടു ക്ഷമിക്കുമാറാകട്ടെ. ദൈവമേ തിരുമുമ്പിൽ ഞാൻ..... ബാറെക്മോർ

പിതാവിനും... ആദിമുതൽ...

പാപി തിരിഞ്ഞ് അവന്റെ ദുർമ്മാർഗ്ഗത്തിൽനിന്ന് രക്ഷപ്പെടുവാനല്ലാതെ അവന്റെ മരണത്തിൽ ഇഷ്ടമില്ലാത്തവനായ ദൈവമേ, തിരുമുമ്പിൽ ഞാൻ.... കുറിയേലായിസ്സോൻ.

## സങ്കീർത്തനം 19

ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ... പേജ് 70

## എനിയോനോ

സ്വതവേ കാരുണ്യവാനും സകലത്തിന്റെയും നാഥനും കൃപയും സത്യവും കവിഞ്ഞൊഴുകുന്നവനുമായ ദൈവമേ, സത്യവിശ്വാസത്താൽ നിന്റെ സ്ലീബാമൂലം

രക്ഷപ്പെട്ടിട്ടുള്ള നിന്റെ ആടുകൾക്ക് കൃപയും കരുണയും ദാനം ചെയ്യണമേ. അവർ സ്തോത്രത്തോടെ തിരുമുമ്പാകെ വന്ന് നിന്റെ ദൈവത്വത്തിന് കൃതജ്ഞതാശബ്ദം സമർപ്പിക്കുന്നു.

നിനുവക്കാരുടെ അനുതാപം ഭൂതലത്തിനു ഒരു മാതൃകയാകുന്നു. അവരുടെ അനുതാപത്താൽ ദൈവം തൃപ്തനാകയും അവരിൽനിന്ന് ശിക്ഷാവിധി നീക്കിക്കളയുകയും ചെയ്തു. ആ ജനം നശിച്ചുപോകാതിരിപ്പാൻ ദൈവം കരുണയോടുകൂടെ അവരെ സഹായിച്ചു. ശിക്ഷ അവരിൽനിന്ന് നീങ്ങുകയും സമാധാനം ആ പട്ടണവാസികളെ ഭരിക്കുകയും ചെയ്തു. മുട്ടുന്നവർക്കു വാതിൽ തുറന്നുകൊടുക്കുന്ന നല്ലവനായ ദൈവമേ, നിനക്കു മഹത്ത്വം.

പരാക്രമികളുടെ നഗരമായ നിനുവപട്ടണം വ്യർത്ഥകാര്യങ്ങളെ തേടിനടന്ന് വഴി തെററിപ്പോയി. സത്യമാർഗ്ഗത്തെ അവർ ഉപേക്ഷിച്ചു. എന്നാൽ മനുഷ്യസ്നേഹമുള്ള ദൈവം അവരെ ഉപേക്ഷിച്ചില്ല. പാപത്തിന്റെ കൂലി വാങ്ങുവാനായി അവരെ വിട്ടുകളഞ്ഞില്ല. പിന്നെയോ നിന്റെ മനുഷ്യസ്നേഹം നിമിത്തം നാശത്തിൽനിന്ന് അവരെ വീണ്ടെടുത്തു. കർത്താവേ, നിന്റെ കരുണയിൽ അവർ അഭയം പ്രാപിക്കയും നിന്റെ കൃപയാൽ രക്ഷ സമ്പാദിക്കുകയും ചെയ്തു.

തിമിംഗലത്തിന്റെ ഉള്ളിൽവച്ച് യൗനാന്റെ പ്രാർത്ഥന കൈക്കൊള്ളുകയും നിനുവയെ ശിക്ഷയിൽനിന്ന് രക്ഷിക്കുകയും ദയ തോന്നി സഹായിക്കുകയും ചെയ്ത പ്രകാരം കർത്താവേ, നിന്റെ വിലയേറിയ തിരുരക്തത്താൽ വിലയ്ക്കു വാങ്ങിയിട്ടുള്ള നിന്റെ



അടിയാരുടെ പ്രാർത്ഥന കൈക്കൊള്ളണമെ. കാരുണ്യവാനെ, നിനക്കു ഞങ്ങൾ അർപ്പിക്കുന്ന നോമ്പാലും പ്രാർത്ഥനയാലും നീ പ്രീതിപ്പെടുകയും കടങ്ങൾ മോചിച്ച് നിന്റെ അടിയാരെ പുണ്യപ്പെടുത്തുകയും ചെയ്യണമേ. ബാറെക്മോർ

പിതാവിനും... ആദിമുതൽ...

നിനുവക്കാർ യൗനാൻദീർഘദർശിയുടെ വചനത്തെ സംശയിച്ചില്ല. അവർക്കു നാശം വരാൻ പോകുന്നുവെന്ന് അദ്ദേഹം പ്രസംഗിച്ചു. രാജാവും പ്രധാനികളും അതു കേട്ടു. പട്ടണംമുഴുവനും പട്ടണവാസികളെല്ലാവരും അനുതാപത്തിൽ അഭയപ്പെട്ടു. ഹൃദയത്തകർച്ചയോടുകൂടി അവർ കണ്ണുനീരൊഴുക്കി. കാരുണ്യവാനായ ഉടയവനിൽനിന്നും കരുണയും മോചനവും പ്രാപിക്കുകയും ചെയ്തു. കുറിയേലായിസ്സോൻ.

### ഏശ 42:10-13; 45:8

കർത്താവിന് ഒരു പുതിയ പാട്ടിനെയും... പേജ് 73

## എനിയോനോ

യൗനാൻദീർഘദർശിയെ കർത്താവ് വിളിച്ച് നിനുവയരുടെ അടുക്കലേക്കയച്ചു. ദൈവകോപം വാതിൽക്കൽ വന്നെത്തിയിരിക്കുന്നുവെന്ന് അവരുടെ തെരുവീഥികളിൽ അവൻ പ്രസംഗിച്ചു.

യൗനാൻ തന്റെ കർത്താവും ദൈവവുമായവന്റെ വചനം വിശ്വസിച്ചില്ല. ദൈവത്തിന്റെ അടുക്കൽനിന്ന് ക്ഷോഭിച്ചിരുന്ന കടൽത്തീരത്തേക്ക് അവൻ പോയി.

യൗനാൻ കപ്പലിൽ കയറി അതിന്റെ അടിത്തട്ടിൽ കിടന്നുറങ്ങി. കർത്താവ് ഓളങ്ങൾ അയച്ചു. കടൽ മുഴുവൻ ക്ഷോഭിക്കുകയും ചെയ്തു. ബാറെക്മോർ

പിതാവിനും.... ആദിമുതൽ....

കപ്പൽക്കാർ ചിട്ടിയിട്ടു. ചിട്ടി മത്തായിയുടെ പുത്രനായ യൗനാന്റെമേൽ വീണു. അതുനിമിത്തം കടലും കരയും സൃഷ്ടിച്ച സകലത്തിന്റെയും കർത്താവിനെ അവൻ ഭയപ്പെട്ടു. ആമ്മീൻ

## സങ്കീർത്തനം 113:1–9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 76

## എക്ബോ

കർത്താവേ മാലാഖമാരുടെ മഹത്ത്വ ശബ്ദത്തോടുകൂടെ പ്രഭാതത്തിൽ നിനക്കു സ്തുതി പാടുവാനായി എന്നെ ഉണർത്തണമേ. നിന്നെ സ്തോത്രം ചെയ്ത് സ്തുതിപ്പാനായി എന്റെ അധരങ്ങൾ ഞാൻ തുറന്നിരിക്കുന്നു. എന്റെ കർത്താവും ദൈവവുമേ എന്നോടു കരുണയുണ്ടാകണമേ.സ്തൗമെൻകാലോസ്...

## പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച്...

രഹസ്യങ്ങളെ ഗ്രഹിക്കുകയും അന്തക്കരണങ്ങളെ പരിശോധിക്കുകയും പ്രാർത്ഥനകൾ സ്വീകരിക്കുകയും യാചനകൾക്കുത്തരം നൽകുകയും വിലപിക്കുന്നവരെ സമാശ്വസിപ്പിക്കുകയും ദു:ഖിതരെ സന്തോഷിപ്പിക്കുകയും ചെയ്യുന്നവനേ, നിനുവക്കാരോടു ദയചെയ്ത് അവരുടെ മേലുള്ള വിധിതീർപ്പു നീക്കിക്കളഞ്ഞവനും കാണാതെ പോയവരെ അന്വേഷിച്ച് തന്റെ തൊഴുത്തിൽ പ്രവേശിപ്പിക്കുന്നവനും ഹൃദയം തകർന്നവരോട് ആർദ്രത കാണിക്കുന്നവനുമായ നാഥാ, നിനക്കു സ്തുതി. ഈ സമയത്തും.....



## സെദറാ

ഞങ്ങളുടെ രക്ഷകനും പാലകനും നാഥനുമായ മിശിഹാ തമ്പുരാനേ, പൂർവ്വകാലത്തു ഗിരിമുകളിൽ ഉയർത്തിപ്പിടിച്ചതും സ്ലീബായെ സദൃശീകരിച്ചതുമായ മോശയുടെ കരങ്ങളാൽ അമാലേക്കിന്റെ ദുഷ്ടസൈന്യത്തെ നീ കീഴ്പ്പെടുത്തി. ആഴമുള്ള കുഴിയിൽ ദാനിയേൽ തന്റെ കരങ്ങൾ ഉയർത്തിപ്പിടിച്ചിരുന്നതിനാൽ അവനെതിരായി നിന്ന ക്രൂരമൃഗങ്ങളെ നിരോധിച്ചു. അഗ്നിച്ചൂളയിൽ നാലാമനായി പ്രത്യക്ഷപ്പെട്ട ദൈവപുത്രൻ ആ പൈതങ്ങളുടെമേൽ പനിമഞ്ഞു തളിച്ചു. തിമിംഗലത്തിനുള്ളിൽ വച്ച് തന്നോടു പ്രാർത്ഥിച്ചപേക്ഷിച്ച യൗനാനോട് നീ ഉത്തരമരുളി. നിനുവക്കാരുടെ ശിക്ഷയെ അറിയിപ്പാൻ വീണ്ടും അവനെ അയച്ചു. അനുതപിച്ചപേക്ഷിച്ച നിനുവക്കാരോട് നീ കരുണ കാണിക്കുകയും അവർക്കു നിശ്ചയിച്ചിരുന്ന ശിക്ഷയെ മാററുകയും ചെയ്തു. ശ്ലീഹന്മാരെ പ്രക്ഷുബ്ധമായ ആഴിയിൽനിന്ന് നീ രക്ഷിച്ചു. അനേകരെ അവരുടെ രോഗത്തിൽനിന്ന് സുഖപ്പെടുത്തുകയും അവയവങ്ങളെ ആരോഗ്യമുള്ളതാക്കുകയും ചെയ്തു. കരുണാ സമൃദ്ധനായുള്ളോവേ, നാനാതരത്തിൽ പീഡിതരായ ഞങ്ങൾ സങ്കടത്തോടെ നിന്നെ വിളിച്ചപേക്ഷിക്കുന്നു. നിന്റെ ചിറകിൻകീഴിൽ ഞങ്ങളെ സദാ സംരക്ഷിക്കണമേ. ഞങ്ങളുടെ ബോധത്തെ കലക്കുന്ന എല്ലാവിധ ചിന്തകളെയും അകററി ദൈവികവും സുകൃതപരവുമായ എല്ലാററിനെയും ഞങ്ങളിൽ സ്ഥിര പ്പെടുത്തണമേ. കറപിടിച്ച ഞങ്ങളുടെ ആത്മാക്കൾക്കു പൂർണ്ണവിശുദ്ധി കൈവരിക്കുവാൻതക്ക ആഴമേറിയ പശ്ചാത്താപവും മാനസാന്തരവും നൽകണമേ. ഞങ്ങളുടെ രക്ഷകാ, ഞങ്ങളോടുത്തരമരുളുക. ആ

ചുങ്കക്കാരൻ നീതീകരിക്കപ്പെട്ട പ്രകാരവും നിനുവക്കാരോട് കരുണ കാണിച്ചപ്രകാരവും നിന്റെ പ്രീതിയും കാരുണ്യവും ഞങ്ങളിൽ കാണിക്കണമേ. ആശ്വാസ തുറമുഖത്തേക്കു ഞങ്ങൾ വന്നെത്തുകയും നിന്റെ രാജ്യത്തിൽ പ്രധാന പിതാക്കന്മാരുടെ മാർവ്വിൽ ഞങ്ങൾ വിശ്രമിക്കുകയും ചെയ്യണമേ. ഞങ്ങളുടെ കണ്ണുകൾ നന്മയെ കാണുകയും ഞങ്ങളുടെ കർണങ്ങൾ ദിവ്യോപദേശം കേൾക്കുകയും ഞങ്ങളുടെ മനസ്സ് ദിവ്യജ്ഞാനം ഗ്രഹിക്കുകയും ചെയ്യണമേ. ഞങ്ങൾ തളർന്നു പോകാതിരിപ്പാൻ ദിവ്യകാരുണ്യത്താൽ ഞങ്ങളെ പരിപോഷിപ്പിക്കണമേ. ഞങ്ങളുടെ ദീപയഷ്ടികൾ സദാ ശോഭിക്കുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും പുകഴ്ചയും എന്നും സമർപ്പിക്കും - ഹോശോ...

## കോലോ

സമുദ്രത്തിനുള്ളിൽ അടിസ്ഥാനമില്ലാതെ പണിതിരിക്കുന്ന ഭവനത്തെ കണ്ടവൻ ആരുള്ളൂ! മത്തായിയുടെ പുത്രൻ, നീതിമാനായ യൗനാൻ, അതിൽ വസിച്ചു. തേനിനേക്കാൾ മാധുര്യമേറിയ ഗാനങ്ങൾ പാടിക്കൊണ്ട് ദൈവമേ, എന്നോടു കരുണ ചെയ്യണമെ, എന്റെ അകൃത്യം ക്ഷമിക്കണമെ' എന്നവൻ അപേക്ഷിച്ചു.

ബാറെക്മോർ. പിതാവിനും....

കർത്താവ് യൗനാൻദീർഘദർശിയെ വിളിച്ച് നിനുവയരുടെ അടുക്കലേയ്ക്കയച്ചു. അവരുടെമേൽ വരുവാനിരിക്കുന്ന ശിക്ഷയെക്കുറിച്ച് അവൻ പ്രസംഗിച്ചു. അവന്റെ വചനംകേട്ട നിനുവയർ അനുതാപത്തിൽ



അഭയപ്പെട്ടു. കർത്താവ് തന്നെ വിളിച്ചപേക്ഷിച്ച ജനത്തോടു കരുണ ചെയ്കയും ചെയ്തു.

ആദിമുതൽ.....

നീങ്ങിപ്പോകുന്ന ഈ ലോകത്തെയും അസ്ഥിരമായ സമ്പാദ്യത്തെയുംകാൾ അധികമായി ദൈവത്തെ സ്നേഹനിധിയായി സമ്പാദിക്കുന്നവനു ഭാഗ്യം. അവന്റെ ജീവിതത്തിൽ താൻ അവനോടുകൂടെ ഇരിക്കുകയും മരണത്തിൽ അവനെ സ്വീകരിക്കുകയും ന്യായവിധി ദിവസം അവനോടു കരുണ കാണിക്കുകയും ചെയ്യുന്നു.

മൊറിയോ റാഹേം....

## എത്രോ

കർത്താവേ, ഞങ്ങളുടെ സുഗന്ധധൂപം നിന്റെ നിത്യതയുടെ മഹാശുദ്ധസ്ഥലത്തേക്ക് ഉയരുമാറാകണമേ. ഞങ്ങളുടെ അധരകാഴ്ച നിന്റെ ശ്രേഷ്ഠ ബലിപീഠത്തിങ്കൽ എത്തണമേ. ഞങ്ങളുടെ ആരാധനായാഗം നിന്റെ കരുണയാകുന്ന ജീവമേശയിങ്കൽ സ്വീകൃതമാകണമേ. നിന്റെ കരുണാഭണ്ഡാരത്തിൽനിന്നും ഞങ്ങൾക്ക് രക്ഷയും ഞങ്ങളുടെ പരേതർക്കു നല്ല ഓർമ്മയും ഉണ്ടാകണമേ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ആമ്മീൻ.

## കോലോ

യൗനാൻദീർഘദർശി തണലിൽ ഇരുന്നുകൊണ്ട് നിനുവാനഗരത്തെ സൂക്ഷിച്ചുനോക്കി. നിനുവയുടെമേൽ കരുണയുണ്ടാകുവാൻ അത് ദൈവത്തിങ്കലേയ്ക്കും

സൂക്ഷിച്ചുനോക്കി. ദിവസങ്ങൾ തികഞ്ഞപ്പോൾ എല്ലാവരും അവരവർക്ക് അടുത്തവർക്ക് സമാധാനം കൊടുത്തു. പുരുഷന്മാർ കരയുകയും സ്ത്രീകൾ വിലപിക്കുകയും പൈതങ്ങൾ നിലവിളിക്കുകയും ചെയ്തു. അവരുടെ നിലവിളി സ്വർഗ്ഗത്തിലേയ്ക്ക് കരേറുകയും കർത്താവ് അതിൽ പ്രീതിപ്പെടുകയും ചെയ്തു. ബാറെക്മോർ. പിതാവിനും...

യൗനാൻദീർഘദർശി തണലിൽ ഇരുന്നുകൊണ്ട് സ്വയം മരണം ആഗ്രഹിച്ചു. നിനുവാക്കാർ നാല്പതു ദിവസം നോമ്പും നിശ്ചയിച്ചു. നിനുവയുടെ നാശത്തെ യൗനാൻ നോക്കിക്കൊണ്ടിരുന്നു. നിനുവ ദൈവകരുണയ്ക്കായും നോക്കിക്കൊണ്ടിരുന്നു. കണ്ണുനീർ ഉയരുകയും കരുണ ഇറങ്ങിവരികയും ചെയ്തു. അവർക്കുത്തരമരുളിയ ദൈവമേ, ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

ആദിമുതൽ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്നെ വിളിക്കുന്നവരായ ഞങ്ങളോടുത്തരമരുളണമേ. ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന പിതാവ് ഞങ്ങൾക്കു വേറെയില്ല. ഞങ്ങൾ ഇല്ലാതിരുന്നപ്പോൾ നിനക്കു തിരുവിഷ്ടമുണ്ടായി ഞങ്ങളെ നീ സൃഷ്ടിച്ചു. ഞങ്ങൾ ഉണ്ടായശേഷം ഞങ്ങളെ നീ നശിപ്പിക്കരുതേ. കർത്താവേ, നിന്റെ കല്പനകൾ ഞങ്ങളെ പഠിപ്പിക്കണമേ. അവയെ ഞങ്ങൾ ആചരിക്കുകയും ചെയ്യുമാറാകണമേ. പുണ്യപ്രവൃത്തികളാൽ നിന്നെ പ്രസാദിപ്പിക്കു മാറാകണമേ. നാഥാ, ദയയുണ്ടായി ഞങ്ങളോടു മനസ്സലിയണമേ. മൊറിയോ റാഹേം...



## മാർ യാക്കോബിന്റെ ബോവൂസോ

കർത്താവേ, കരുണനിറഞ്ഞ നിന്റെ വലിയ വാതിൽ ഞങ്ങൾക്കു തുറന്നുതരണമേ. ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

നിനുവയേ! നിനക്കു കഷ്ടം. അത്യുന്നതന്റെ കോപം നിന്റെമേൽ വന്നിരിക്കുന്നു. അവൻ നിന്റെ കോട്ടകളെ ഇടിച്ചുകളയുകയും നിന്റെ കൊത്തളങ്ങളെ നശിപ്പിക്കയും ചെയ്യും. നിന്റെ പാപങ്ങൾ നിന്റെ ഉള്ളിൽനിന്ന് പുക പോലെ ഉയർന്നിരിക്കുകയാൽ നിനക്കു കഷ്ടം. ഇതാ നിന്റെ അധർമ്മങ്ങൾമൂലം ദൈവകോപം പെരുകിയിരിക്കുന്നു. കീർത്തിയും പ്രതാപവുമുള്ള നിനുവയേ, നിന്റെ അന്ത്യം അടുത്തിരിക്കുന്നു. നിന്റെ നിവാസികൾക്കു നാശം വന്നു ഭവിക്കുകയും ചെയ്യും.

നിനുവക്കാരുടെമേൽ കരുണ ചെയ്ത ഉത്തമ നാഥാ, നിന്നോടപേക്ഷിക്കുന്ന നിന്റെ ഇടവകയുടെമേൽ കരുണ വർഷിക്കണമേ. അതിൽനിന്ന് ശിക്ഷകളും ക്രോധവടികളും നീക്കിക്കളയണമേ. അതിന്റെ മക്കളിൽ നിന്റെ സമാധാനവും ശാന്തിയും വർദ്ധിപ്പിക്കണമേ. അതിന്റെ ശത്രുക്കളാലുണ്ടാകുന്ന സകല ശണ്ഠകളിൽനിന്നും അതിനെ കാത്തുകൊള്ളണമേ. അത് നിന്റെ ദൈവത്വത്തിന് എപ്പോഴും സ്തുതി കരേററുകയും ചെയ്യുമാറാകണമേ.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

## ഹൂലോലൊ

ഹാ - ഹാ - പാപകൃത്യങ്ങളിൽനിന്നും മോചിതനാ-രോ ധന്യനവൻ, ഭാഗ്യമവ മറയ്ക്കപ്പെട്ടവനും ഹാ

## ഏവൻഗേലിയോൻ

## പെസ്ഗൊമൊ

സകലത്തിന്റെയും ഉടയവനായ ദൈവമേ,... പേജ് 83

## അപേക്ഷയും കൗമായും

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 84

## വിശ്വാസപ്രമാണം



# തിങ്കൾ - മൂന്നാം മണി

## കൗമാ

## കോലോ

കർത്താവേ, സങ്കടത്തോടുകൂടി ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് ദയയും കരുണയും പാപമോചനവും ഞങ്ങൾ യാചിക്കുന്നു. നിനുവക്കാരുടെ അപേക്ഷ സ്വീകരിച്ചതുപോലെ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളമേ. നിന്നെ വിളിക്കുന്ന നിന്റെ അടിയാരിൽനിന്ന് നിന്റെ കോപത്തെ നീക്കിക്കളയണമേ. നല്ലവനും കരുണാപൂർണ്ണനുമേ നിന്റെ കൃപാനുഗ്രഹങ്ങളാൽ ഞങ്ങളോട് കരുണചെയ്യണമേ.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ.....

നാമെല്ലാവരും അപേക്ഷ സമർപ്പിച്ചുകൊണ്ട് കാരുണ്യവാനായ കർത്താവിനോട് യാചിക്കണം. ദൈവത്തിന്റെ വാതിൽ മുട്ടുന്നവന് അത് തുറക്കപ്പെടുമെന്നതിനാൽ യാചനയിൽ നിന്ന് നാം വിരമിക്കരുത്. നിനുവക്കാരുടെ കണ്ണുനീരോടുകൂടിയ അപേക്ഷ കൈക്കൊണ്ടപ്രകാരം ദൈവമായ മിശിഹാ, നിന്റെ ആർദ്രകൃപയാൽ ഞങ്ങളോട് ദയ ചെയ്യണമേ. മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസാ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

മാതാക്കളും അവരുടെ മക്കളും കന്യകമാരും അവർക്കു വിവാഹം നിശ്ചയിക്കപ്പെട്ടവരും വിശന്നിരുന്നു. മണവാളന്മാരും മണവാട്ടികളും അവരുടെ അലങ്കാരങ്ങൾ നീക്കി. ദമ്പതിമാരുടെ നിലവിളി ഉയരത്തിലേക്ക് കരേറി. ബാല്യക്കാർ അവരുടെ മുഖങ്ങളിൽ കണ്ണുനീരും പൂഴിയും പൂശി.

തെററിൽനിന്നും നിനുവയരെ പിന്തിരിപ്പിച്ച പിതാവിനു സ്തുതി. അനുതാപത്താൽ അവരെ കൈക്കൊണ്ട പുത്രന് ആരാധന. എല്ലാ അനുതാപികളുടെയും രക്ഷയിൽ പ്രീതിപ്പെടുന്ന പരിശുദ്ധാത്മാവിനു സ്തോത്രം. ത്രിത്വരഹസ്യമായിരിക്കുന്ന താൻ വാഴ്ത്തപ്പെട്ടവനാകുന്നു. തനിക്ക് എല്ലാ വായ്കളിൽനിന്നും നാവുകളിൽനിന്നും സർവ്വ പുകഴ്ചയും ബഹുമതിയും ആരാധനയും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

### കൗമാ

### വിശ്വാസപ്രമാണം



# തിങ്കൾ - ആറാം മണി

### കൗമാ

### പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച്...

പ്രാർത്ഥനകൾ സ്വീകരിക്കുന്നവനും അനുതാപികളോട് ദയ ചെയ്യുന്നവനും നോമ്പിൽ പ്രിയപ്പെടുന്നവനും പാപത്തെയും പിശാചിനെയും ജയിപ്പാൻ നോമ്പു മാതൃകയായി കാണിച്ചുതന്നവനും അനുതാപവും നോമ്പുംമൂലം നിനുവക്കാരോടു കരുണ ചെയ്തവനുമായ കർത്താവിനു സ്തുതി. തനിക്ക് ഈ സമയത്തും....

### സെദറാ

ഇല്ലായ്മയിൽനിന്ന് ഞങ്ങളെ സൃഷ്ടിക്കുകയും ജീവന്റെയും രക്ഷയുടെയും മാർഗ്ഗം ഞങ്ങൾക്ക് ഉപദേശിക്കുകയും പാപത്തിൽനിന്നും ശിക്ഷയിൽനിന്നും വിമുക്തരാകുവാൻ, മാനസ്സാന്തരപ്പെട്ട് വിശുദ്ധ നോമ്പാചരിച്ചിട്ടുള്ളവർക്ക് വിമോചനം നല്കുകയും ചെയ്ത ദയാലുവായ ദൈവമേ, ഞങ്ങൾ നിന്നിൽ ആശ്രയിക്കുന്നു. എന്തെന്നാൽ ഞങ്ങൾ നിന്നിൽ നിന്നകന്ന് ലോകത്തെയും ജഡത്തെയും സ്നേഹിച്ച് പിശാചിന്റെ പ്രേരണയ്ക്ക് വശംവദരായി. നിന്റെ കല്പനകളും ഉപദേശങ്ങളും അവഗണിച്ച്, പലവിധമായ പാപവികാരങ്ങൾക്കധീനരായി. സത്യമാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ച് നിന്നെ കോപിപ്പിക്കുകയും കഠിന ശിക്ഷയ്ക്കർഹരാകുകയും ചെയ്തു. ഞങ്ങളുടെ ദുഷ്ടത ലോകത്തിന് ദുർഗന്ധമാകുകയും ഞങ്ങളുടെ ദുർമാർഗ്ഗങ്ങൾ നിന്റെ തിരുനാമത്തിന് അപമാനമാകുകയും ചെയ്തു.

ഞങ്ങളുടെ സമൂഹമാകമാനം നിന്റെ വിശുദ്ധ പാതയിൽനിന്ന് തെററുകയും നിന്റെ ക്രോധാഗ്നിക്ക് ഇരയാകുകയും ചെയ്തിരിക്കുന്നു. നിന്റെ കൃപയിലല്ലാതെ ഞങ്ങൾക്ക് അഭയസ്ഥാനമോ രക്ഷാമാർഗ്ഗമോ ഇല്ല. പാപംമൂലം കഠിനശിക്ഷയ്ക്കർഹരായ നിനുവയോട് നീ കരുണ ചെയ്തു. അവരുടെ അനുതാപവും നോമ്പും നിമിത്തം അവരെ നീ രക്ഷിച്ചു. കർത്താവേ, ഞങ്ങളുടെ നോമ്പും അനുതാപവും സ്വീകരിക്കണമേ. നിനുവയോടു കാണിച്ച കരുണ ഇപ്പോൾ ഞങ്ങളോടും കാണിക്കണമേ. ഞങ്ങളെ നിന്റെ സത്യമാർഗ്ഗത്തിൽ നയിക്കണമേ. ലോകം, ജഡം, പിശാച് എന്നീ ത്രിവിധവൈരികളെ ഞങ്ങൾ വിജയിക്കുമാറാകണമേ. ഞങ്ങളുടെ ആത്മശരീര രോഗങ്ങളെ സുഖപ്പെടുത്തണമേ. ഞങ്ങൾ നിന്റെ പ്രിയരും അനുഗൃഹീതകൂട്ടവുമായി എന്നാളും നിന്നെ സ്തുതിച്ച് മഹത്ത്വപ്പെടുത്തുവാൻ ഇടയാക്കുകയും ചെയ്യണമേ. ആമ്മീൻ

## കോലോ

നിനുവപട്ടണം കണ്ണുനീരാലും ദു:ഖത്താലും അർപ്പിച്ച അനുതാപംമൂലം കർത്താവു അതിനോടു കരുണ ചെയ്തുവെങ്കിൽ തന്റെ ക്രൂശിലെ രക്തത്താൽ രക്ഷ പ്രാപിച്ച തന്റെ ഇടവകയുടെയും ആടുകളുടെയുംമേൽ എത്രയധികം കരുണചെയ്യും. ബാറെക്മോർ

പിതാവിനും... ആദിമുതൽ....

നിനുവക്കാരിൽനിന്ന് ഭയങ്കര വിധിതീർപ്പ് നീക്കിക്കളയുകയും താൻ ഉത്തമനാഥനായ ദൈവമാകുന്നുവെന്നു കാണിക്കുകയും ചെയ്തവനായ കർത്താവേ, നിന്റെ കൃപാസമൃദ്ധിയുടെ ആധിക്യത്താൽ



നിന്റെ ദാസരോട് ദയ ചെയ്യുകയും ക്രോധത്തിൽനിന്നും തിന്മകളിൽ നിന്നും ഞങ്ങളെ വീണ്ടുകൊള്ളുകയും ചെയ്യണമേ. മൊറിയോ റാഹേം....

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. കർത്താവേ, നീതിപ്രകാരമുള്ള വിധിതീർപ്പ് നിനുവയരിൽനിന്ന് നീക്കിയപ്രകാരം നിന്റെ സഭയിൽനിന്ന് ഭിന്നതകളെയും തർക്കങ്ങളെയും അകററണമേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന സത്യൈക ദൈവമേ, നിന്റെ ഇടവകമേൽ കരുണ ചെയ്യുകയും നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്കുത്തരമരുളുകയും ചെയ്യണമേ.

പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾക്കുത്തരം നൽകുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളോടു പ്രീതിപ്പെട്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്കുത്തരം നല്കണമേ.

## കൗമാ

## വിശ്വാസപ്രമാണം

# തിങ്കൾ - ഒൻപതാം മണി

## കൗമാ

## കോലോ

നിനുവക്കാർ മഹാദു:ഖത്തോടെ ഉപവാസം നിശ്ചയിക്കുകയും ചാക്കു ധരിക്കുകയും സങ്കടംപൂണ്ട് അപേക്ഷിക്കുകയും കർത്താവു അവരോട് നിരപ്പാകുകയും ചെയ്തു. വരുവിൻ, നമുക്കും കാരുണ്യവാനായ കർത്താവിനോടു കരുണ അപേക്ഷിക്കാം. എന്തെന്നാൽ തിരികെവരുന്ന അനുതാപികൾക്കായി തന്റെ വാതിൽ തുറക്കുകയും അവരിൽ താൻ സന്തോഷിക്കുകയും ചെയ്യുന്നു.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ....

കർത്താവേ, നിനുവേക്കാർക്കു സദൃശ്യമായി നിന്റെ ഇടവക ഇതാ നിന്നെ വിളിക്കുന്നു. കരുണയും ദയയുമുള്ള നാഥാ, ഞങ്ങളുടെ അപേക്ഷയെ സ്വീകരിക്കണമേ. നീതിപൂർവ്വമായ വിധിത്തീർപ്പിനെ നീക്കിക്കളയണമേ. അതിന്റെ വീഴ്ചയിൽ ആഗ്രഹിക്കുന്ന സാത്താൻ സന്തോഷിക്കുമാറാകരുതേ.

## മാർ ബാലായിയുടെ അപേക്ഷ

പാപികളോട് കരുണ ചെയ്യുന്നവനേ, നീ ന്യായം വിധിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.



നിനുവയർ ശിശുക്കൾക്കും പൈതങ്ങൾക്കും പാൽ നല്കാതിരുന്നു. മൃഗങ്ങളും ദുഃഖിതരായി നോമ്പു നോററു. രാജാവും പ്രജകളും പ്രധാനികളും സന്തോഷത്തിനു പകരം ചാരവും, വസ്ത്രത്തിനു പകരം ചാക്കും അണിഞ്ഞു.

കാരുണ്യവാനായ പിതാവിനും, ദയാലുവായ പുത്രനും ,വിമോചകനായ പരിശുദ്ധാത്മാവിനും സ്തുതി. ത്രിയേകദൈവത്തിന് ഇരുലോകങ്ങളിലും മഹത്വം യോഗ്യമാകുന്നു.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ.

## കൗമാ

## വിശ്വാസപ്രമാണം

# ചൊവ്വാ - സന്ധ്യ

## കൗമാ

### പ്രാരംഭ പ്രാർത്ഥന പേജ് 289

### സങ്കീർത്തനങ്ങൾ 141,142,119,117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 7

## എനിയോനോ

സമുദ്രത്തിൽനിന്നും കരയിലേയ്ക്കു വന്ന യൗനാൻ നിമിത്തം നിനുവാപട്ടണം ഇളകി. യൗനാൻ തന്റെ വായ് തുറന്നു സംസാരിച്ചു. നിനുവ കേട്ടു ദുഃഖിച്ചു.

എബ്രായക്കാരനായ ഒരു പ്രസംഗകൻ പട്ടണത്തെ ഇളക്കി. അയാളുടെ വചനം കേട്ട് അവർ പകച്ചുപോകുകയും മരണഭീതിയാൽ ചഞ്ചലിച്ചുപോകുകയും ചെയ്തു.

രാജാക്കന്മാർ അവനെ കേട്ട് തളർന്നുപോകുകയും അവരുടെ കിരീടങ്ങൾ എറിഞ്ഞുകളഞ്ഞ് വിനയപ്പെടുകയും ചെയ്തു. പ്രമാണികൾ അതുകേട്ട് പരിഭ്രമിക്കുകയും അവർ വസ്ത്രങ്ങൾക്കുപകരം ചാക്കു ധരിക്കുകയും ചെയ്തു.

ബഹുമാന്യരായ വൃദ്ധന്മാർ അതുകേട്ട് അവരുടെ ശിരസ്സുകൾ വെണ്ണീറാൽ മൂടി. ധനവാന്മാർ ദരിദ്രന്മാരുടെ മുൻപാകെ അവരുടെ ഭണ്ഡാരം തുറക്കുകയും ചെയ്തു.

ഞങ്ങളുടെ വർഗ്ഗത്തിന്മേൽ കരുണ ചൊരിഞ്ഞ അനുഗ്രഹത്തിന്റെയും ദയയുടെയും സമുദ്രമേ, നിന്റെ വിലാവിൽ നിന്നൊഴുകിയ രക്തത്താൽ നിന്റെ ഇടവകയുടെ കടങ്ങൾ പരിഹരിക്കണമേ.



സഹോദരങ്ങളെ, നിനുവക്കാരെപ്പോലെ വിവേകപൂർവ്വം, വഷളത്തങ്ങൾ നീക്കിക്കളഞ്ഞ് നന്മകളാകുന്ന ആയുധം ധരിച്ച് രാജാധിരാജനെ നാം സന്തോഷിപ്പിക്കണം.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ....

സകല വായ്കളിൽനിന്നും നിനക്കു സ്തോത്രം. സകല നാവുകളിൽനിന്നും നിനക്കു സ്തുതി. ഞങ്ങളുടെ രക്ഷയിൽ ഇഷ്ടപ്പെടുന്ന നല്ലവനേ, നിനക്കു സ്തുതി. ഞങ്ങളെ അനുഗ്രഹിക്കണമേ. സ്തൗമെൻകാലോസ്....

### പ്രുമിയോൻ, സെദറാ പേജ് 12

## കോലോ

നിനുവയുടെ തെരുവുകളിൽ യൗനാൻ നടന്നു പ്രസംഗിച്ചപ്പോൾ അവർക്കു വിറയലും ഭയവും ഉണ്ടായി. രാജാവ് അതുകേട്ട് പരിഭ്രമിച്ചു. അയാൾ കഷ്ടതയോടും ദുഃഖത്തോടും കരയുവാൻ തുടങ്ങി. "കാരുണ്യവാനേ, തിന്മയെക്കുറിച്ച് അനുതപിക്കുന്ന ഈ നിന്റെ ദാസരുടെ മേൽ കനിയണമേ" എന്ന് വിളിച്ചപേക്ഷിച്ചു. ബാറെക്മോർ

പിതാവിനും...

നിനുവ സമർപ്പിച്ച അപേക്ഷ എത്ര യോഗ്യമായിട്ടുള്ളതാകുന്നു. കഷ്ടതയും കണ്ണനീരും ജാഗരണവും ഉപവാസവും ഹൃദയത്തകർച്ചയും കരച്ചിലോടുകൂടെ ചേർത്ത് ദൈവത്തിന് അർപ്പിച്ചു. നല്ല നാഥൻ അതു കണ്ട് രമ്യപ്പെടുകയും അനുതാപമുള്ള ജനത്തിൽനിന്ന് ശിക്ഷ നീക്കിക്കളയുകയും ചെയ്തു.

ആദിമുതൽ.....

കർത്താവേ, നിനക്കെതിരായി ഞങ്ങൾ പാപം ചെയ്തുവെന്നും ഞങ്ങളുടെ ദുഷ്ടത നിന്നെ കോപിപ്പിച്ചുവെന്നും ഞങ്ങൾ അറിയുന്നു. നീതി വാൾ എടുക്കുന്നപക്ഷം നാഥാ, നിന്റെ കരുണ ഞങ്ങളോട് കാട്ടണമേ. കർത്താവേ, അന്ത്യസമയമടുക്കുമ്പോൾ ഞങ്ങളുടെ അവസാനം നിന്റെ കൃപയിലായിരിക്കണമേ.

മൊറിയോ റാഹേം...

**എത്രോ** പേജ് 293

## കോലോ

പട്ടണത്തിനും അതിലെ നിവാസികൾക്കും ശൂന്യവും നാശവും സംഭവിക്കാനിരിക്കുന്നുവെന്ന് വിളിച്ചുപറയുന്ന ദീർഘദർശിയുടെ പ്രസംഗം രാജാവുകേട്ടു. നാശത്തെ സംവഹിക്കുന്ന കോപത്താൽ പട്ടണം നശിപ്പിക്കുമെന്ന അവന്റെ വചനംനിമിത്തം രാജാവും അവന്റെ സകല പ്രജകളും കർത്താവിന്റെ വാതിൽക്കൽനിന്ന് അളവില്ലാത്ത കണ്ണുനീർ ചൊരിയുകയും കരുണയും അനുഗ്രഹങ്ങളും പ്രാപിക്കയും ചെയ്തു. ബാറെക്മോർ

പിതാവിനും.... ആദിമുതൽ....

പ്രഭാതത്തിൽ പരാക്രമികളുടെ പട്ടണമായ നിനുവയിൽ എബ്രായനായ യൗനാന്റെ ശബ്ദം ഗംഭീരമായി മുഴങ്ങി. അതിന്റെ ബലമുള്ള കോട്ടകൾ വിറച്ചു. അതിലെ നിവാസികളിൽ സംഭ്രമമുളവായി. ഭയങ്കര ശബ്ദങ്ങളാൽ ഉഗ്രമായ വിറയലും ഭീതിയും പൂണ്ട് കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമേ എന്നവർ ആർത്തു നിലവിളിച്ചു. മൊറിയോ റാഹേം....



## മാർ യാക്കോബിന്റെ ബോവൂസാ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

പട്ടണത്തെയൊക്കെയും അനുതാപത്തിലേയ്ക്കു ക്ഷണിപ്പാനായി രാജാവ് ഗൗരവമായ കല്പന പുറപ്പെടുവിച്ചു. പട്ടണവാസികൾ എല്ലാവരും ആവേശത്തോടും തുടർച്ചയായും അപേക്ഷിച്ചു. അവരുടെ അപേക്ഷാസ്വരത്തിൽ യൗനാന്റെ ശബ്ദം ഒതുങ്ങിപ്പോയി. മണവാട്ടികൾ അവരുടെ മണവറയിലെ മോടിയായ വസ്ത്രങ്ങൾ നീക്കിക്കളഞ്ഞു. മേൽത്തരമായ വസ്ത്രങ്ങൾക്കുപകരം അവർ ചാക്കു ധരിച്ചു. അവരുടെ ശിരസ്സുകളിൽ ചാരം പൂശി അനുതാപത്തോടെ അവർ നിലവിളിച്ചു.

വലിയ കഷ്ടതയും കരച്ചിലും നിറഞ്ഞ ഒരു ലേഖനം കണ്ണുനീരോടും വിലാപത്തോടും നിനുവക്കാർ എഴുതി ദൈവമുമ്പാകെ സമർപ്പിച്ചു. ആ ലേഖനത്തോടുകൂടെ ഹൃദ്യമായ അപേക്ഷയും കർത്താവിന് അവർ അർപ്പിച്ചു. അവരുടെ അനുതാപം കൈക്കൊള്ളുകയും അവരെ രക്ഷിക്കുകയും ചെയ്ത കർത്താവേ, ഞങ്ങളുടെ അപേക്ഷ കേട്ട് സകല ദോഷങ്ങളേയും ഞങ്ങളിൽ നിന്നകറ്റണമേ. അതിനാൽ നല്ല ഇടയനായ കർത്താവേ, നിന്റെയും സദാ നിന്റെ പിതാവിൽ മറഞ്ഞിരിക്കുന്ന പരിശുദ്ധാത്മാവിന്റെയും കൃപയെക്കുറിച്ച് ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുമാറാകണമേ.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

### ഹൂലോലൊ

ഹാ-ഹാ-നാഥാ ശാസിക്കരുതെന്നെ നിൻ ക്രോ-ധ-ത്തിൽ
ശി-ക്ഷിക്കരുതെന്നെ നിൻ കോപത്തിൽ ഹാ

### ഏവൻഗേലിയോൻ

### മോറാനേശുമിശിഹാ പേജ് 19

### കൗമാ

### വിശ്വാസപ്രമാണം



## ചൊവ്വാ – സൂത്താറാ

### കൗമാ

### കോലോ

ആ-ദിമ നരനെ കൊന്നൊരു ദുഷ്ടനെ... പേജ് 106

### മാർ യാക്കോബിന്റെ ബോവൂസോ

ഉടയോൻ നാഥാ വിളിക്കുന്നടിയാർ... പേജ് 10

### സങ്കീർത്തനങ്ങൾ 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ... പേജ് 31

### മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 38

### ക്രോബേന്മാരുടെ സ്തുതി

✠കർത്താവിന്റെ ബഹുമാനം... പേജ് 40

### വിശ്വാസപ്രമാണം

(ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.)

### ഹൂത്തോമോ

# ചൊവ്വാ - രാത്രി

## കൗമാ

### പ്രാരംഭ പ്രാർത്ഥന

ഉറക്കമില്ലാത്ത... പേജ് 42

### സങ്കീർത്തനങ്ങൾ 133, 118, 116

രാത്രികാലങ്ങളിൽ... പേജ് 42

### എനിയോനോ

നിനുവാക്കാർ ചാക്കിനാലും ചാരത്താലും വിശുദ്ധ നോമ്പാചരിച്ച് ദൈവത്തെ പ്രീതിപ്പെടുത്തി.

നിനുവക്കാരുടെ അപേക്ഷ കൈക്കൊണ്ട ദൈവമേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളുടെ നോമ്പിൽ സംപ്രീതനാകണമേ.

കർത്താവേ, ഭയങ്കരമായ ആഴത്തിൽനിന്നും ഓളങ്ങളുടെ ഇടയിൽനിന്നും യൗനാൻ നിന്നോടു പ്രാർത്ഥിക്കുകയും നീ അവനോടുത്തരമരുളുകയും ചെയ്തു.

സഹോദരങ്ങളേ, നാമെല്ലാവരും നിനുവാക്കാർക്ക് സദൃശ്യരാകുകയും അവരെപ്പോലെ സമൃദ്ധമായ കരുണ പ്രാപിക്കുകയും ചെയ്യണം.

വിഖ്യാതമായ നിനുവാപട്ടണം രക്ഷപ്പെടുകയും അതിർത്തികളെയും ദിക്കുകളെയും അനുതാപം പഠിപ്പിക്കുകയും ചെയ്തു. ബാറെക്മോർ

പിതാവിനും... ആദിമുതൽ....



മത്തായിയുടെ പുത്രന്റെ വിധിനിർണ്ണായകവും ഭയപ്പെടുത്തുന്നതുമായ പ്രസംഗത്താൽ നിനുവാക്കാർ വിശ്വസിച്ചു. അവർ തിന്മകളെക്കുറിച്ച് അനുതപിച്ച് നീതിയെ തൃപ്തിപ്പെടുത്തുകയും ചെയ്തു.

കുറിയേ... കുറിയേ... കുറിയേ....

### എക്ബോ

നിനുവ നശിച്ചുപോകാതിരിക്കുവാനായി തന്റെ ശബ്ദത്താൽ അതിനെ ഉണർത്തിയവനായ യൗനാനെ കല്പിച്ചയച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

സ്തൗമെൻകാലോസ്...

### കോലോ

തന്റെ സൃഷ്ടിയുടെ ജീവനിൽ ഇഷ്ടപ്പെടുന്ന ദൈവമേ, യൗനാനെപ്പോലെ നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ രക്ഷകാ, സമുദ്രത്തിന്റെ ആഴത്തിൽനിന്ന് അവനെ രക്ഷിച്ചപ്രകാരം ഞങ്ങളെയും രക്ഷിക്കണമേ. ധാരാളമായ അനുഗ്രഹങ്ങളാൽ ദുഷ്ടനിൽനിന്നും അവന്റെ സർവ്വശക്തിയിൽനിന്നും ഞങ്ങളെ വീണ്ടുകൊള്ളുകയും ചെയ്യണമേ. ബാറെക്മോർ

പിതാവിനും... ആദിമുതൽ...

ഉത്തമനായ പുത്രാ, നിന്റെ ഇടവകയുടെ കടങ്ങളും പാപങ്ങളും വർദ്ധിച്ചിരിക്കുന്നതിനാൽ നിന്റെ ദയനിമിത്തം അതിനോട് രമ്യപ്പെടണമേ. നിനുവയുടെമേൽ നിശ്ചയിച്ചിരുന്ന വിധിതീർപ്പിനെ മായിച്ചുകളഞ്ഞപ്രകാരം നീതിയാൽ അതിനുണ്ടാകാവുന്ന ശിക്ഷയെ നീക്കിക്കളയണമേ. കടന്നു പോകുന്ന ഈ ലോകത്തിന്റെ ഞെരുക്കങ്ങളിൽനിന്ന് ഞങ്ങളെ രക്ഷിക്കയും ചെയ്യണമേ. മൊറിയോ റാഹേം....

(വേറൊന്ന്)

മത്തായിയുടെ പുത്രാ, നീ എഴുന്നേററു പോയി നിനുവാപട്ടണത്തോട് സുവിശേഷം പറയുക. അതിനു വന്നുകൂടിയിരിക്കുന്ന വലിയ നാശത്തിന്റെ അരിഷ്ടതയിൽ നിന്ന് അനുതാപത്തിലേക്കു തിരിയുവാൻ അതിനോടു പ്രസംഗിക്കുക. എന്തെന്നാൽ അത് പാപത്തിൽ നിദ്രപൂണ്ടും അതിലാനന്ദിച്ചും എന്നെ കോപിപ്പിച്ചും, അന്യായം ചെയ്ത് എന്നോടു മത്സരിച്ചുമിരിക്കുന്നു. പക്ഷേ അതിന്റെ ദുഷ്ടവഴിയിൽനിന്ന് തിരിയുവാൻവേണ്ടി ഇപ്പോൾ നീ പോയി അതിനോട് പശ്ചാത്താപം പ്രസംഗിക്കുക. ബാറെക്മോർ.

പിതാവിനും... ആദിമുതൽ....

നിനുവ പാപത്തിൽ ഉറങ്ങിപ്പോയി. അതിന്റെ ഉറക്കം മരണത്തിൽ ശേഷിക്കുകയും ചെയ്തു. പാപത്തിന്റെ ശമ്പളം മരണമത്രെ. അതിനെ എഴുന്നേൽപ്പിക്കുന്നത് ആവശ്യമാകുന്നു. നീ പോയി നിന്റെ ശബ്ദം ഉയർത്തി വിളിച്ചു പറയുക: ഇനിയുമെങ്കിലും തിരിച്ചുവരിക. നിന്റെ കോട്ടകൾ ഇടിഞ്ഞിരിക്കുന്നു. മരണനിദ്രയിൽനിന്ന് രക്ഷപ്പെട്ടുകൊൾക. ജീവിക്കുകയും ഉണർവ്വുള്ളവനാകുകയും ചെയ്യുക. മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസാ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

മാലാഖമാരുടെ ഇടയിൽ തിരക്കുണ്ടായി; എന്നാൽ അവർ തടയപ്പെട്ടില്ല. നിനുവ കൈകൾകൂപ്പി കഷ്ടതയോടെ



ദൈവസന്നിധിയിൽ നിലവിളിച്ചു. ആദരപൂർവ്വം അപേക്ഷിപ്പാൻ അവൾ സ്വരമുയർത്തുകയും ചെയ്തു. അഗ്നിജ്വാല ധരിച്ച സൈന്യനിര അത് സ്വാഗതം ചെയ്തു. അവർ വിലക്കപ്പെട്ടില്ല.

നിനുവാക്കാരെ ശക്തിപ്പെടുത്തിയ പിതാവിന് സ്തുതി. അവരെ രൂപാന്തരീകരിക്കുവാൻ യൗനാനെ അയച്ച പുത്രന് വന്ദനം. സകല ശിക്ഷകളെയും കണ്ണുനീരുകളാൽ നീക്കിക്കളയുന്ന പരിശുദ്ധാത്മാവിന് സ്തോത്രം. എല്ലാ സമയവും അനുഗ്രഹങ്ങൾ നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

## രണ്ടാം കൗമാ

✠കർത്താവിന്റെ ബഹുമാനം... പേജ് 40

## എക്ബോ

കർത്താവേ, നിനുവയരോടു കരുണ ചെയ്ത നിന്റെ കൃപയ്ക്കു സ്തുതി. അവരെ കൈക്കൊണ്ട നിന്റെ കാരുണ്യത്തിന് സ്തുതി. സ്തൗമെൻകാലൊസ് ....

## പ്രുമിയോൻ, സെദറാ

## കോലോ

സഹോദരങ്ങളേ, വരുവിൻ; നിനുവാക്കാർ അപേക്ഷിച്ചപ്രകാരം നമുക്കും കരുണ അപേക്ഷിക്കാം. കണ്ണുനീരുകളാൽ കർത്താവു സന്തുഷ്ടനാകുമെന്ന് നിനുവ നമുക്കു കാണിച്ചു തന്നിരിക്കുന്നു. ആ പട്ടണവാസികൾ നാല്പതു ദിവസത്തേക്ക് ഉപവാസം നിശ്ചയിച്ചു.

നാല്പതു ദിവസം അവർ ചാക്കു ധരിച്ച്, നോമ്പുനോററു. കർത്താവു സംതൃപ്തനായി എന്ന ശബ്ദം കേൾക്കുന്നതുവരെയും മഹാവൈദ്യന്റെ വാതിൽക്കൽ അവർ മുട്ടി വിളിച്ചു. അവൻ ആ പട്ടണത്തിന്മേൽ തന്റെ കരുണ ചൊരിയുകയും ചെയ്തു. ബാറെക്മോർ

പിതാവിനും... ആദിമുതൽ...

എന്തു ശക്തി കൊണ്ടാകുന്നു, നിങ്ങൾക്കു വന്നുകൂടിയ ശിക്ഷയെ നിങ്ങൾ വിജയിച്ചത് എന്നതിന് നിനുവാരാജാവും ഊർശ്ലേംരാജാവും മറുപടി പറഞ്ഞു: ഞങ്ങൾ എല്ലാവരും ഒരുപോലെ ചാക്കു ധരിച്ചു, കുഞ്ഞുങ്ങൾക്കുള്ള പാൽ ഞങ്ങൾ നിരോധിച്ചു. മനുഷ്യരും മൃഗങ്ങളും യാതൊരു ഭക്ഷണവും രുചിനോക്കുകപോലും ചെയ്യാതെ കർത്താവ് ഞങ്ങളോടു നിരപ്പായി എന്ന ശബ്ദം കേൾക്കുന്നതുവരെ ഞങ്ങൾ നോമ്പു നോററു. കർത്താവേ, അവരോടെന്നപോലെ ഞങ്ങളോടും ഉത്തരമരുളണമേ. മൊറിയോ റാഹേം.....

## എത്രോ

## കോലോ

നിനുവ അധികമായി അനുതപിക്കുകയും അതിന്റെ ദുഷ്ടതയെക്കുറിച്ച് കോപിച്ചിരുന്ന ദൈവത്തെ രമ്യപ്പെടുത്തുകയും ചെയ്തു. താൻ സ്നേഹത്താൽ അവരുടെമേൽ കാരുണ്യം വർഷിക്കുകയും കൃപാധിക്യത്താൽ അവരുടെ കുററങ്ങൾ നീക്കിക്കളയുകയും ചെയ്തു. തൻനിമിത്തം അതിലെ സകല നിവാസികളും ഒന്നിച്ചുകൂടി ആശ്വാസത്തിന്റെ പെരുന്നാളാഘോഷിച്ചു.

ബാറെക്മോർ. പിതാവിനും... ആദിമുതൽ...



വൃദ്ധന്മാർ ചാക്കുടുത്ത് ഭൂമിയിൽ കിടന്നു. യുവാക്കൾ ചാരം പൂശി നിലവിളിച്ചു. ശിശുക്കളും പൈതങ്ങളും പാൽ കുടിച്ചില്ല. മണവാളന്മാർ തങ്ങളുടെ അലങ്കാരങ്ങളും മണവാട്ടികൾ തങ്ങളുടെ വിലയേറിയ വസ്ത്രങ്ങളും ആഭരണങ്ങളും മാററിക്കളഞ്ഞ് സങ്കടത്തോടും നെടുവീർപ്പോടും കരയുവാൻ തുടങ്ങി. മൊറിയോ...

## മാർ അപ്രേമിന്റെ ബോവൂസാ പേജ് 114

## മൂന്നാം കൗമാ

✠കർത്താവിന്റെ ബഹുമാനം... പേജ് 40

## എക്ബോ

കരുണ നിറഞ്ഞ മഹാസമുദ്രമായുള്ളോവേ,... പേജ് 115

## കോലോ

കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു... പേജ് 115

## മാർ ബാലായിയുടെ അപേക്ഷ

പാപികളോട് കരുണ ചെയ്യുന്നവനേ, നീ ന്യായം വിധിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ. നിന്റെ കൃപാധികൃത്താൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ.

നിനുവക്കാർ നാല്പതു ദിവസം പ്രാർത്ഥനയും അനുതാപവും അർപ്പിച്ച് ദൈവനീതിയെ പ്രാപിച്ചു.

സഹോദരങ്ങളേ, നമുക്കും നിനുവയരോടു സദൃശ്യപ്പെടാം. അവരെപ്പോലെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിൽ നിന്ന് കരുണ പ്രാപിക്കാം. മോചനം അഭ്യർത്ഥിക്കുകയും സഹായം പ്രാപിക്കയും ചെയ്യാം.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ.

## നാലാം കൗമാ

✠ ഹാലേലുയ്യാ - ഹാലേലുയ്യാ... പേജ് 55

## സങ്കീർത്തനങ്ങൾ 148,149,150

ഉറങ്ങിയവരേ, നിങ്ങൾ ഉണർന്നെഴുന്നേറ്റ്... പേജ് 55

ത്രിത്വത്തിന് സ്തുതി... പേജ് 58

## കോലോ

പാപം ചെയ്തവൻ മേലാൽ പാപം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം. പാപം ചെയ്യാത്തവൻ വീണുപോകാതെ സൂക്ഷിക്കണം. എന്തെന്നാൽ നീതി വാതിൽക്കൽ നിന്നു കണക്കുനോക്കുന്നു. അത് വലത്തുകൈയിൽ എഴുത്തുകോൽ പിടിച്ച് എല്ലാവരുടെയും പ്രവൃത്തികൾ എഴുതുന്നു. മുഖപക്ഷം നോക്കാത്തവനും രഹസ്യകാര്യങ്ങൾ അറിയുന്നവനുമേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.. ബാറെക്മോർ.

പിതാവിനും... ആദിമുതൽ...

കർത്താവേ, നിന്റെ അടുക്കൽ ഞങ്ങൾ വന്ന് നിന്റെ വാതിലിൽ മുട്ടും. ഞങ്ങൾ എല്ലാവരുടെയും യാചനകൾക്ക് നീ ഉത്തരമരുളുന്നു. എന്തുകൊണ്ടെന്നാൽ ചോദിക്കുന്നവൻ പ്രാപിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവന്റെ മുൻപാകെ അനുഗ്രഹങ്ങളുടെ വാതിൽ തുറന്നുകൊടുക്കുകയും ചെയ്യുന്നു. അനുതപിക്കുന്ന പാപികൾക്കായി തന്റെ വാതിൽ തുറന്നിട്ടിരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ റാഹേം...



## മാർ യാക്കോബിന്റെ ബോവൂസാ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

മുഖം കണ്ണുനീരാൽ നനഞ്ഞും അധരം ദുഃഖം നിറഞ്ഞ കരച്ചിലാൽ അടഞ്ഞും ഇരിക്കുമ്പോൾ പാപി സ്നേഹിക്കപ്പെടുന്നു. വിലയേറിയ രത്നക്കല്ലുകളേക്കാൾ പ്രിയങ്കരം അനുതാപിയുടെ കണ്ണുനീർ തുള്ളികളാകുന്നു.

അനുതാപത്തെ ചിത്രീകരിപ്പാൻ ഒരു സാദൃശ്യം നീ അന്വേഷിക്കുന്നുവെങ്കിൽ സൃഷ്ടിക്കപ്പെടാത്ത കണ്ണുനീരിനേക്കാൾ ഉത്തമമായ മറ്റൊന്നും ഉണ്ടായിരിക്കുകയില്ല. അനുതാപത്തിന്റെ വലിയ പെരുനാൾ ആകുന്ന കണ്ണുനീർ കൊണ്ടുവന്ന് അകത്തു പ്രവേശിച്ച് പാപമോചനം പ്രാപിച്ച് സന്തോഷിക്കുക.

ദൈവമേ, എന്നോടുത്തരമരുളണമേ. ദൈവമേ, എന്നോടുത്തരമരുളി ഞങ്ങളോടു കരുണ ചെയ്യണമേ. മനുഷ്യഹൃദയങ്ങളെ അനുതാപത്തിലേക്കു തിരിക്കുകയും ചെയ്യണമേ.

## മോറാനേശുമിശിഹാ പേജ് 19

## കൗമാ

## വിശ്വാസപ്രമാണം

# ചൊവ്വാ - പ്രഭാതം

## കൗമാ

## പ്രാരംഭ പ്രാർത്ഥന പേജ് 63

## സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻപ്രകാരം... പേജ് 63

## സങ്കീർത്തനം 63

എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു... പേജ് 66

## എനിയോനോ

ഉത്തമനും ദയാലുവുമായ ദൈവമേ, നിനുവക്കാർക്കെന്ന പോലെ നിന്റെ കരുണാവാതിൽ ഞങ്ങൾക്കു തുറന്നുതരികയും തൃക്കരം ഞങ്ങൾക്കു നീട്ടിത്തരികയും ചെയ്യണമേ.

നിനുവാക്കാരെപ്പോലെ നിന്റെ വാതിലിൽ ഞങ്ങൾ മുട്ടുന്നു. ഞങ്ങൾ എല്ലാവരുടെയും യാചനകൾക്കു ത്തരമരുളണമേ.

നിനുവാക്കാരെപ്പോലെ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. നിന്റെ ദയാധിക്യത്താൽ നിന്റെ അനുഗ്രഹം ഞങ്ങൾക്കു ദാനം ചെയ്യണമേ.

ഞങ്ങൾക്കും, നിന്റെ കൃപയ്ക്കും മദ്ധ്യേ ഞങ്ങളുടെ അധർമ്മം ഭിത്തിപോലെ നില്ക്കുന്നു. നീ അതിനെ ഇടിച്ചു നശിപ്പിക്കണമേ. നിന്റെ തുറമുഖമാകുന്ന നിശ്ചിത സ്ഥാനത്തേക്കു ഞങ്ങളെ എത്തിക്കുകയും ചെയ്യണമേ.



കർത്താവേ, നിനുവക്കാരോടു കരുണ ചെയ്തപ്രകാരം, നിനക്കെതിരായി പാപം ചെയ്ത ഞങ്ങളെല്ലാവരോടും മനസ്സലിയണമേ. ഞങ്ങൾ നശിച്ചുപോകാതെയിരിപ്പാൻ ഞങ്ങളോട് ദയ തോന്നണമേ.

കർത്താവേ ഉന്നതത്തിലുള്ളവർ നിന്നെ വാഴ്ത്തുന്നു. അഗാധത്തിലുള്ളവർ നിന്നെ മഹത്വപ്പെടുത്തുന്നു. നീ സകലത്തിന്റെയും സൃഷ്ടാവായിരിക്കുന്നതിനാൽ സകലത്തിലും നീ ആരാധ്യനുമാകുന്നു. ബാറെക്മോർ

പിതാവിനും... ആദിമുതൽ....

കരുണാപൂർണ്ണനായ കർത്താവേ, നിന്റെ വാതിൽക്കൽ മുട്ടുന്ന സകല പാപികളെയും പാപമോചനത്തി നർഹരാക്കണമേ. കുറിയേലായിസ്സോൻ.

## സങ്കീർത്തനം 19

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ... പേജ് 70

## എനിയോനോ

ദൈവപുത്രൻ ഭൂമിയിൽ ആനന്ദമുള്ള പ്രഭാതം ഉദിപ്പിക്കുകയും ലോകത്തിൽനിന്ന് അജ്ഞാനാന്ധകാരത്തെ ദൂരീകരിക്കുകയും തന്നിൽ വിശ്വസിച്ചിട്ടുള്ള ആത്മാക്കൾക്ക് ആത്മീയ ജീവൻ സമ്പാദിച്ചുകൊടുക്കുകയും ചെയ്തു. ഞങ്ങളുടെ രക്ഷിതാവേ, നിന്നിലും നിന്റെ പിതാവിലും പരിശുദ്ധാത്മാവിലും ഏററുപറഞ്ഞിട്ടുള്ള ഞങ്ങൾക്ക് നിന്റെ വരവിന്റെ ദിവസത്തിൽ മുഖപ്രസാദം നല്കണമേ.

പരാക്രമികളുടെ പട്ടണമായ നിനുവയിൽ എബ്രായക്കാരനായ യൗനാന്റെ ശബ്ദം പ്രഭാതസമയം മുഴങ്ങുകയും അതിന്റെ കോട്ടകൾ വിറയ്ക്കുകയും

ചെയ്തു. അതിലെ നിവാസികളിൽ പരിഭ്രമമുളവായി അവന്റെ ഭീഷണമായ ശബ്ദം അവരെ അധികമായി ഭയപ്പെടുത്തി. 'കർത്താവേ, കരുണ ചെയ്യണമേ' എന്ന് അവർ വിളിച്ചപേക്ഷിച്ചു.

നിനുവയിൽ ദീർഘദർശി ദുഃഖശബ്ദം പുറപ്പെടുവിച്ചു. അതിലെ നിവാസികളിൽ അത് തീപോലെ എരിഞ്ഞു. കർത്താവ് അവനെ അയച്ചു എന്ന് അവർ തിരിച്ചറിഞ്ഞതിനാൽ അവന്റെ വചനം അവർ സംശയിച്ചില്ല. അവർ ഓടി കർത്താവിന്റെ വാതിൽക്കൽ എത്തി. നിരപ്പാകുന്ന അനുതാപം തന്റെ മുൻപാകെ സമർപ്പിക്കയും കരുണയും അനുഗ്രഹങ്ങളും പ്രാപിക്കുകയും ചെയ്തു.

നിനുവാപട്ടണം അനുഷ്ഠിച്ചതുപോലെയുള്ള തപസ്സ് സൃഷ്ടിയുടെ ആരംഭം മുതൽ ഇതുവരെ കേൾക്കപ്പെട്ടിട്ടില്ല. മനുഷ്യരും മൃഗങ്ങളും പക്ഷികളും അസാധാരണമാംവിധം നോമ്പാചരിച്ചു. അവരുടെ വിശ്വാസവും ധൈര്യവും കണ്ട് കർത്താവ് ശിക്ഷ നീക്കുകയും കരുണയും അനുഗ്രഹവും നല്കുകയും ചെയ്തു. ബാറെക്മോർ

പിതാവിനും... ആദിമുതൽ...

രാജാവും സൈന്യങ്ങളും ചാരത്തിൽ കിടക്കുകയും പ്രമാണികൾ കണ്ണുനീരൊഴുക്കുകയും കഷ്ടപ്പാടോടും സങ്കടത്തോടും നിലവിളിക്കുകയും അത് സ്വർഗ്ഗത്തിൽ കർത്താവ് കേട്ട് കരുണ ഒഴുക്കുകയും ശിക്ഷ വിലക്കുകയും ചെയ്തു. എല്ലാവരിലും കരുണ ചൊരിയുന്നവനേ, നിനക്കു സ്തുതിയെന്ന് അവർ ഒരുമയോടെ വിളിച്ചുപറഞ്ഞു. കുറിയേലായിസ്സോൻ.



## ഏശ 42:10-13; 45:8

കർത്താവിന് ഒരു പുതിയ പാട്ടിനെയും... പേജ് 73

## എനിയോനോ

സഭയേ, നിന്റെ സംഗീതങ്ങളാൽ പുത്രൻ തമ്പുരാനെ നീ സ്തോത്രം ചെയ്യുക. തെററിൽ നിന്ന് നമ്മേ രക്ഷിപ്പാനായി താഴ്ത്തപ്പെട്ട അവനെ നാം സ്തുതിച്ചു സ്തോത്രം ചെയ്യണം.

നോമ്പാലും പ്രാർത്ഥനയാലും നിനുവ രക്ഷപ്പെട്ടു. വാത്സല്യമുള്ളവരേ, നോമ്പാലും പ്രാർത്ഥനയാലും നാം ദൈവത്തെ പ്രസാദിപ്പിക്കണം.

തന്നെ വിളിച്ചപേക്ഷിച്ച നിനുവയോട് കരുണ ചെയ്ത കാരുണ്യവാനേ, സങ്കടത്തോടെ നിന്നെ വിളിക്കുന്ന നിന്റെ ദാസരോട് ദയ ചെയ്യണമേ. അവരുടെ യാചനകൾക്ക് ഉത്തരമരുളണമേ.

നിനുവക്കാരുടെയെന്നപോലെ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. ഞങ്ങളുടെ തിന്മനിമിത്തം ഞങ്ങൾക്കർഹമായിരിക്കുന്ന ശിക്ഷയെ നിന്റെ കരുണയാൽ നീക്കിക്കളയണമേ. ബാറെക്മോർ

പിതാവിനും... ആദിമുതൽ....

വിശ്വാസത്തോടും സങ്കടത്തോടും തന്നെ വിളിക്കുന്ന പാപികളുടെ മുമ്പാകെ തന്റെ വാതിൽ തുറന്നിട്ടിരിക്കുന്ന ദയാലുവായവന് സ്തുതി. ആമ്മീൻ.

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി... പേജ് 76

## എക്ബോ

ശോഭയുള്ള പ്രകാശത്തിൽ മാലാഖമാർ നിന്റെ ദൈവത്വത്തെ ശുശ്രൂഷിക്കുന്നു. സകല സൃഷ്ടികളും പ്രഭാതത്തിന്റെ ഉദയത്തിൽ നിന്റെ ശ്രേഷ്ഠതയെ കുമ്പിട്ടാരാധിക്കുന്നു. സ്തൗമെൻകാലോസ്...

## പ്രുമിയോൻ, സെദറാ പേജ് 321

## കോലോ

നിശ്ചയിച്ചിരുന്ന ശിക്ഷയിൽനിന്ന് നിനുവക്കാർ നോമ്പാചരിച്ച് രക്ഷ പ്രാപിച്ചു. അവർ വേദനയോടും കണ്ണുനീരോടും കൂടി പ്രാർത്ഥിക്കുകയും, പ്രാർത്ഥനകളാലും നോമ്പാലും കാരുണ്യവാൻ അവരിലേക്ക് തിരിയുകയും അവരുടെ യാചനകൾക്ക് വേഗത്തിൽ ഉത്തരമരുളുകയും ചെയ്തു. നല്ലവനായ നാഥൻ നമ്മോടും ഉത്തരമരുളുവാൻ നാം താല്പര്യമായി പരിശ്രമിക്കണം.. ബാറെക്മോർ

പിതാവിനും...

നിനുവയിലെ ശിശുക്കൾ അവരുടെ മാതാക്കളുടെ മുൻപിൽ വീണ് പാൽ കിട്ടുന്നതിനുവേണ്ടി നെടുവീർപ്പോടെ കരഞ്ഞപേക്ഷിച്ചു. നിനുവ അർപ്പിച്ച അപേക്ഷമൂലം കർത്താവിന്റെ കരുണയുണ്ടാകുവാനായി അവർ കുഞ്ഞുങ്ങൾക്ക് പാൽപോലും കൊടുത്തിരുന്നില്ല. ശിശുക്കളും വൃദ്ധന്മാരും കരഞ്ഞു; കർത്താവ് അവരുടെ അപേക്ഷ കേട്ട് അവരോടുത്തരമരുളി. അപ്രകാരം പാപികളായ ഞങ്ങളോടുത്തരമരുളണമേ.

ആദിമുതൽ....



അനുതാപിയായ പുത്രൻ തന്റെ പിതാവിന്റെ സന്നിധിയിൽ നിലവിളിച്ചു; നിന്റെ കരുണയുടെ വാതിൽ എനിക്കു തുറന്നുതരണമേ. സ്വർഗ്ഗത്തിന്റെ നേരെയും നിന്റെ മുമ്പാകെയും ഞാൻ പാപം ചെയ്തു. നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. കൂലിക്കാരനെപ്പോലെ എന്നെ കൈക്കൊള്ളണമേ. നിന്റെ ഭവനത്തിൽ ദാസനെപോലെ ഞാൻ ആയിക്കൊള്ളാം. കാരുണ്യവാനായ പിതാവേ, എന്റെ കുററങ്ങൾ എന്നോടു ക്ഷമിക്കണമേ.

## എത്രോ പേജ് 324

## കോലോ

ഉപവാസം ദൈവത്തിന് പ്രിയമാകുന്നു. നാല്പതു ദിവസങ്ങൾക്കകം മാനസാന്തരപ്പെട്ട് പിൻതിരിയാതിരുന്നാൽ നിനുവയെ കീഴ്മേൽ മറിക്കുമെന്ന് യൗനാൻ നിനുവയോട് പ്രസംഗിച്ച് വിളിച്ചുപറഞ്ഞു. ബാറെക്മോർ

പിതാവിനും....

നിനുവാക്കാർ അനുഷ്ഠിച്ച നോമ്പാൽ അവരെല്ലാവരും ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടു. അവർ അനുതപിച്ച് കണ്ണുനീർ ചൊരിയുകയാൽ കർത്താവ് അവരിൽ കരുണ വർഷിക്കുകയും ശിക്ഷാദണ്ഡുകൾ അവരിൽ നിന്നകററുകയും ചെയ്തു.

ആദിമുതൽ....

എന്റെ നാഥാ, നിന്റെ വാതിലിൽ ഞാൻ മുട്ടുന്നു. നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണ ഞാനപേക്ഷിക്കുന്നു.

നിന്റെ മാർഗ്ഗത്തിൽനിന്നും ഏറെനാളായി തെററിപ്പോയ ഒരു പാപിയാകുന്നു ഞാൻ. എന്റെ പാപങ്ങൾ ഏററുപറയുവാനും അവയിൽ നിന്നകന്ന് നിന്റെ കൃപയാൽ ജീവിപ്പാനും എനിക്കനുഗ്രഹം തരണമേ.

മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസാ

ഞങ്ങളുടെ കർത്താവേ, കരുണ നിറഞ്ഞ നിന്റെ വലിയ വാതിൽ ഞങ്ങൾക്കു തുറന്നുതരണമേ. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

നിനുവയുടെ ഉള്ളിൽനിന്ന് കാർമേഘം ചൂടായി ഉയർന്നു. അതു കഷ്ടതയും വിലാപവും ദുഃഖവും നിറഞ്ഞിരുന്നു. ഉഗ്രമായ പ്രരോദനത്തിന്റെ മുഴക്കത്താൽ അത് മുഖരിതമായിരുന്നു. മഴയ്ക്കുപകരം കണ്ണനീരാൽ ഭൂമി നനഞ്ഞു. ചാക്കും ചാരവും വിലാപവും കഷ്ടതയും കരച്ചിലും കണ്ണനീരുംവഴിയായി വലിയ ഹൃദയ വേദനയോടുകൂടിയ നിരന്തര പ്രാർത്ഥനയും അത് അർപ്പിച്ചു.

ശിശുക്കൾക്കു മുലകൊടുക്കാതെ ശിശുക്കളോടു കൂടെ മാതാക്കളും കഠിനമായി നിലവിളിച്ചു. ശിശുക്കളുടെയും അവരുടെ മാതാക്കളുടെയും ശബ്ദങ്ങളോടുകൂടെചേർന്ന് സങ്കടശബ്ദവും പ്രാർത്ഥനയും അവിടെ മുഴങ്ങി.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു കരുണ ചെയ്യണമേ.



## ഹൂലോലൊ

ഹാ - ഹാ - പാപാകൃത്യങ്ങളിൽനിന്നും മോചിതനാ-രോ ധന്യനവൻ, ഭാഗ്യമവ മറയ്ക്കപ്പെട്ടവനും ഹാ

## ഏവൻഗേലിയോൻ

## പെസ്ഗോമൊ

സകലത്തിന്റെയും ഉടയവനായ ദൈവമേ,... പേജ് 83

## അപേക്ഷയും കൗമായും

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും...പേജ് 84

## വിശ്വാസപ്രമാണം

# ചൊവ്വാ - മൂന്നാം മണി

### കൗമാ

### കോലോ

ധീരന്മാരുടെ പട്ടണമായ നിനുവ അതിന്റെ ശിക്ഷ തടയപ്പെടുവാനായി വലുതായ അനുതാപത്തോടെ നോമ്പും പ്രാർത്ഥനയും അനുഷ്ഠിച്ചു. കർത്താവേ, നിന്റെ കരുണയാൽ നിന്റെ ഇടവകയിൽനിന്ന് കോപത്തേയും ഭിന്നതയേയും നീക്കിക്കളയണമെ. ബാറെക്മോർ

പിതാവിനും... ആദിമുതൽ...

കർത്താവേ, വിവേകികളെ നോമ്പും പാപികളെ അനുതാപവും, അനുതാപികളെ കരച്ചിലും നീ പഠിപ്പിച്ചു. ശിക്ഷാവിധിയിൽപ്പെട്ടവർക്ക് സ്വാതന്ത്ര്യം നീ നല്കി. പരമാർത്ഥികൾക്കു നീ വഴി ഉപദേശിക്കുകയും കരുണയുടെ വാതിൽ കാണിച്ചുകൊടുക്കുകയും ചെയ്തു. മൊറിയോ....

### മാർ യാക്കോബിന്റെ ബോവൂസോ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

സ്നേഹത്തോടെ നിനുവയുടെ വൻചരിത്രം ഞാൻ വിവരിക്കാം. എല്ലാവിധത്തിലും ഉപകാരം നിറഞ്ഞ വർണ്ണനയിൽ ഞാൻ മടിക്കുന്നില്ല. അനുതാപത്തിലും ജാഗരണത്തിലും അത് താല്പര്യപ്പെട്ടുവെന്നും ലോകമൊക്കെയിലും



അതിൻെറ ചരിത്രം ശ്രേഷ്ഠമാകുന്നവെന്നും അതിനെക്കുറിച്ച് ഞാൻ പറയും.

അതിന്റെ വ്യാപാരങ്ങളിൽ പ്രസാദിച്ചിട്ടെന്നവണ്ണം ജാതികളുടെ പുത്രിക്ക് സ്തുതിയുടെ ശബ്ദം എന്റെ നാവ് വർണ്ണിച്ച് സമർപ്പിക്കും. പ്രാർത്ഥനയിൽ അതീവ താല്പര്യത്തോടെ ശുശ്രൂഷിക്കുന്ന ഭടനായി അത് ഞാൻ വിവരിക്കും.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

### കൗമാ

### വിശ്വാസപ്രമാണം.

# ചൊവ്വാ - ആറാം മണി

## കൗമാ

## പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച്...

അഗ്നിജ്വാലകളാൽ സ്തുതിക്കപ്പെടുന്ന മഹത്വമുള്ളവനും സകല വിശുദ്ധ വൃന്ദങ്ങളാലും മാലാഖമാരാലും പ്രശോഭിതനുമായ തനിക്കു സ്തുതി, ഈ സമയത്തും...

## സെദറാ

നല്ലവനും ദയാലുവുമായ നാഥാ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ ഉന്നതഭുജത്താലും ബലമുള്ള കരത്താലും നിന്റെ കോപത്തെ നീ കാണിക്കുകയും നിന്റെ കരുണയെ വെളിപ്പെടുത്തുകയും ചെയ്യണമേ. ഭൂമിയുടെ ഫലങ്ങളിൽനിന്ന് ചൂടിനേയും കൽമഴയേയും വെട്ടുക്കിളിയേയും കോപത്തിന്റെ സകല ശിക്ഷകളെയും ദൂരീകരിക്കണമേ. ഞങ്ങളിൽനിന്ന് ദുഷ്ക്കാലങ്ങളും ഞെരുക്കങ്ങളും നീക്കണമേ. തിരുസന്നിധിയിൽനിന്ന് ആശ്വാസകാലങ്ങൾ വരുവാൻ കല്പിക്കണമേ. കർത്താവേ, എന്നോടുത്തരമരുളുക; എന്നോടുത്തരമരുളുക; വേഗം എന്നോടുത്തരമരുളുക; താമസിക്കരുതെ. നിന്റെ ജനത്തിന്റെ ഞെരുക്കത്തിൽ കടാക്ഷിക്കണമേ. ഞങ്ങൾ എല്ലാവരുടെയും ആത്മാക്കളിൽ കനിയണമേ. നിന്നെ വിളിക്കുകയും നിങ്കലേക്കു ദൃഷ്ടി പതിക്കുകയും ചെയ്യുന്ന അഗതികളുടെയും, ദരിദ്രരുടെയും, അനാഥരുടെയും, വിധവകളുടെയും ആവശ്യം കാണണമേ. പിതാവും, പുത്രനും, പരിശുദ്ധാത്മാവുമേ, അവരുടെ ഞെരുക്കങ്ങളിൽ അവരെ സമാശ്വസിപ്പിക്കണമേ. അത് ഇപ്പോഴും എപ്പോഴും എന്നേക്കും. ആമ്മീൻ



## കോലോ

നിനുവ അർപ്പിച്ച അനുതാപത്താൽ അത് രക്ഷപ്പെടുകയും കഷ്ടതയും വിലാപവും അതു സ്വീകരിച്ചതു നിമിത്തം കർത്താവ് രമ്യപ്പെടുകയും ചെയ്തു. രാജാവ് ഉപവസിക്കയും ചാക്കു ധരിക്കയും ചെയ്തതുകണ്ട് അവന്റെ ദാസരും അപ്രകാരം ചെയ്തു. വൃദ്ധരും യുവാക്കളും പൈതങ്ങളും ചാക്കു ധരിച്ചു. കർത്താവ് അവരുടെ കണ്ണുനീർ കണ്ട് അവരോട് കരുണ ചെയ്തു. ബാറെക്മോർ

പിതാവിനും... ആദിമുതൽ....

ദൈവത്തെ സ്നേഹിക്കുന്നവന് ഭാഗ്യം. നിനുവാക്കാരെപ്പോലെ ശിക്ഷയിൽനിന്ന് അതു അവനെ രക്ഷിക്കുന്നു. ജീവങ്കലേക്കുള്ള വഴി അതവനെ അഭ്യസിപ്പിക്കുന്നു. സ്വർഗ്ഗരാജ്യത്തിങ്കലേക്കുള്ള മാർഗ്ഗം അതവന് ഉണ്ടാക്കിക്കൊടുക്കുന്നു. സകല ഞെരുക്കങ്ങളും നിറഞ്ഞ സ്ഥലത്ത് അവനത് കൂട്ടായിരിക്കും. നീതിമാന്മാർ വസിക്കുന്ന സ്ഥലം അവന് കാണിച്ചുകൊടുക്കുകയും ചെയ്യും. മൊറിയോ റാഹേം....

## മാർ യാക്കാബിന്റെ ബോവൂസാ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമെ. ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ദൈവമുൻപാകെ നിനുവ നടത്തിയ അപേക്ഷമൂലം നാല്പതു ദിവസം വിലാപത്തിന്റെ സ്വരം കേൾക്കപ്പെട്ടു. അതിന്റെ വഷളത്തരങ്ങൾമൂലം കോപിച്ചിരുന്ന നീതി സമാധാനപ്പെടുവാനായി ആ നീതിയുടെ മുൻപാകെ നാല്പതു ദിവസം കൈകൾ വിരിച്ചു.

നാല്പതു ദിവസം ദൈവമുൻപാകെ അവർ കണ്ണുനീർ ഒഴുക്കുകയും ഒരുക്കപ്പെട്ടിരുന്ന ശിക്ഷ നീക്കപ്പെടുകയും ചെയ്തു. നാല്പത് ദിവസം അവർ അനുതാപത്തിന്റെ ദുഃഖം ആചരിച്ചു. അവർ ഒഴുക്കിയ കണ്ണുനീരുകളാൽ തന്നിൽ നിന്ന് കരുണ സമ്പാദിക്കുകയും ചെയ്തു.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

### കൗമാ

### വിശ്വാസപ്രമാണം



# ചൊവ്വാ - ഒൻപതാം മണി

### കൗമാ

### കോലോ

നോമ്പാൽ നിനുവ രക്ഷപ്പെടുകയും അതിൽനിന്ന് ശിക്ഷാവിധി നീങ്ങിപ്പോകുകയും ചെയ്തു. സഹോദരങ്ങളേ, നാം കർത്താവിനെ കോപിപ്പിച്ചതിനാൽ നോമ്പുമൂലം അവനോടു രമ്യപ്പെടേണ്ടിയിരിക്കുന്നു.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ....

കർത്താവേ നിനുവാക്കാർ സങ്കടത്തോടെ നിന്നോട് അപേക്ഷിക്കുകയും നീ അവരോടുത്തരമരുളുകയും ചെയ്തു. ഇതാ നിന്റെ ഇടവക നിന്നോടപേക്ഷിക്കുന്നു. വേഗത്തിൽ നീ അതിന്റെ അപേക്ഷകൾക്ക് ഉത്തരമരുളണമേ. മൊറിയോ റാഹേം....

### മാർ ബാലായിയുടെ അപേക്ഷ

പാപികളോടു കരുണ ചെയ്യുന്നവനേ, നീ ന്യായം വിധിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.

സുഖഭോഗിയായ നിനുവ ധാരാളമായി കരഞ്ഞു വിലപിക്കുകയും മുറയിടുകയും കൂട്ടമായി പീഡയും ദുഃഖവും പൂണ്ട് പ്രാർത്ഥിക്കുകയും ചെയ്തു.

ഉപവാസം നിശ്ചയിച്ചു ചാരത്തിൽ കിടന്ന് കാരുണ്യവാനോടു നിലവിളിച്ചു. സമാധാനം യാചിക്കുകയും സമാശ്വാസവും ശിക്ഷാമോചനവും പ്രാപിക്കുകയും ചെയ്തു.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ.

### കൗമാ

### വിശ്വാസപ്രമാണം

# ബുധൻ - സന്ധ്യ

## കൗമാ

### പ്രാരംഭ പ്രാർത്ഥന പേജ് 289

### സങ്കീർത്തനങ്ങൾ 141,142,119,117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു.... പേജ് 7

### എനിയോനോ

കേൾവിക്കാർക്ക് സങ്കടം തോന്നത്തക്കവിധമുള്ള നിനുവയുടെ ചരിത്രത്തിൽ ഞാൻ വിസ്മയിക്കുന്നു. ഉത്തമനേ, നിന്റെ ദീർഘക്ഷമയിൽ ഞാൻ അത്ഭുതപ്പെടുകയും ചെയ്യുന്നു.

നിന്റെ കല്പന പാലിക്കാതെ മത്തായിയുടെ പുത്രനായ യൗനാൻ ദീർഘദർശി നിന്നിൽനിന്ന് ഓടി രക്ഷപ്പെടാമെന്ന് നിരൂപിച്ച് സമുദ്രതീരത്തേക്കു പോയി.

ഉത്തമനേ, സമുദ്രത്തിൽ മത്സ്യത്തിന്റെ ഉള്ളിൽവച്ച് നിന്റെ മുൻപാകെ അവൻ പ്രാർത്ഥിച്ചപ്പോൾ അവന്റെ പ്രാർത്ഥന നീ കേൾക്കുകയും അഗാധത്തിൽനിന്ന് അവനെ വീണ്ടു കൊള്ളുകയും ചെയ്തു.

കർത്താവ് മത്സ്യത്തോട് കല്പിക്കുകയും നാശംകൂടാതെ യൗനാൻ രക്ഷപ്രാപിക്കുകയും താൻ ഉത്തമനും ഉയരത്തിന്റെയും ആഴത്തിന്റെയും നാഥനുമാകുന്നുവെന്ന് കാണിച്ചുകൊടുക്കുകയും ചെയ്തു.

ഇവയുടെശേഷം നാല്പതു ദിവസങ്ങൾക്കകം ദൈവകോപംനിമിത്തം നിനുവ നശിപ്പിക്കപ്പെടുമെന്ന് പ്രസംഗിപ്പാനായി നിനുവയിലേക്കവനെ അയച്ചു.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ....



വൃദ്ധന്മാരും യുവാക്കളും പൈതങ്ങളുമായ നിനുവയിലെ സകല മനുഷ്യരോടും യഥാവിധി നോമ്പാചരിക്കുവാൻ അവരുടെ തെരുവീഥിയിൽ യൗനാൻ പ്രസംഗിച്ചു. സ്തൗമെൻകാലൊസ്...

### പ്രുമിയോൻ, സെദറാ പേജ് 194

### കോലോ

നിനുവ നടത്തിയ അനുതാപം ലോകത്തിന് ഒരു മാതൃകയായിരുന്നു. അതുമൂലം ദൈവം തൃപ്തിപ്പെട്ട് ശിക്ഷാവിധി അതിൽനിന്ന് നീക്കിക്കളഞ്ഞു. തന്നിൽ നിന്നുള്ള കരുണ അതിനെ രക്ഷിച്ചു. തന്നിൽനിന്നുള്ള സമാധാനം അതിന്റെ മക്കളെയും തന്നാൽ അത് ശിക്ഷിക്കപ്പെടുവാനിരിക്കുന്നതായി കണ്ട് വേദനപ്പെട്ട യൗനാനെയും ഭരിച്ചു. അനുതാപികൾക്കായി തന്റെ വാതിൽ തുറന്നിരിക്കുന്ന ഉത്തമനു സ്തുതി. അതിൽ മുട്ടുന്ന ഏവനും കടങ്ങളുടെയും പാപങ്ങളുടെയും മോചനം നല്കപ്പെടുന്നു.

ബാറെക്മോർ. പിതാവിനും... ആദിമുതൽ....

മത്സ്യത്തിന്റെ ഉള്ളിൽനിന്ന് യൗനാൻ ദീർഘദർശിയുടെ പ്രാർത്ഥന കൈക്കൊള്ളുകയും ശിക്ഷയിൽനിന്ന് നിനുവയെ രക്ഷിക്കുകയും കരുണയാൽ അതിനെ രക്ഷിക്കുകയും ചെയ്തപ്രകാരം കർത്താവേ, നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു കൊള്ളപ്പെട്ട നിന്റെ ദാസരുടെ പ്രാർത്ഥനയെ കൈക്കൊള്ളണമേ. കാരുണ്യവാനായ നിനക്ക് അവർ അർപ്പിക്കുന്ന നോമ്പിലും പ്രാർത്ഥനയിലും പ്രസാദിക്കണമേ. അവരുടെ കടങ്ങളെ പരിഹരിക്കയും കുറ്റങ്ങളെ ക്ഷമിക്കയും ചെയ്യണമേ. നിൻെറ വലത്തുഭാഗത്തുള്ള മഹത്വമേറിയ നിലയ്ക്ക് കരുണയാൽ അവരെ യോഗ്യരാക്കണമേ.

മൊറിയോ റാഹേം...

## എത്രോ പേജ് 293

## കോലോ

കഠിനമായ ശിക്ഷാവിധി അവരിൽനിന്ന് ഒഴിഞ്ഞു പോകുവാനായി നിനുവ സങ്കടസ്വരത്തിൽ ദൈവത്തോട് പ്രാർത്ഥിച്ചു. കർത്താവേ, നിന്റെ കൃപനിമിത്തം മത്തായിയുടെ പുത്രൻ യൗനാൻ പ്രസംഗിച്ച ശിക്ഷ ഇപ്പോൾ ഞങ്ങളിൽനിന്ന് മാറ്റിക്കളയണമേ. വൃദ്ധന്മാരുടെയും യുവജനങ്ങളുടെയും ശിശുക്കളുടെയും സ്ത്രീകളുടെയും ബാലികമാരുടെയുംമേൽ കരുണ തോന്നണമേ. നിനുവയിലെ പക്ഷിമൃഗാദികളെയും സകലത്തെയും നീ വീണ്ടുകൊണ്ടുവല്ലോ. നിന്റെ കൃപയെ ഞങ്ങൾ സ്തോത്രം ചെയ്യുമാറാകണമേ. ബാറെക്മോർ

പിതാവിനും... ആദിമുതൽ....

തന്നോടപേക്ഷിച്ച നിനുവയുടെ കണ്ണുനീരു കൈക്കൊണ്ട ദൈവമേ. ഞങ്ങളുടെ എല്ലാവരുടെയും അപേക്ഷ കൈക്കൊള്ളണമേ. ധീരന്മാരുടെ പട്ടണമായ നിനുവയോടുത്തരമരുളിയപോലെ ദൈവമേ, നിന്റെ കൃപയാൽ ദരിദ്രരായ ഞങ്ങളുടെ തലമുറയോടുത്തരമരുളണമേ. എന്തെന്നാൽ നീ മാത്രം നല്ലവനും അനുതാപികളെ കൈക്കൊള്ളുന്നവനുമാകുന്നു. നിന്റെ ദയയാൽ ഞങ്ങളോട് കരുണ ചെയ്യണമേ. മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസാ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന് വരണമേ. ഞങ്ങളുടെ അപേക്ഷകേട്ട് ഞങ്ങളോട് കരുണ ചെയ്യണമേ.



നിനുവാരാജാവിനോട് യൗനാൻ പ്രസംഗിക്കുകയും പശ്ചാത്താപവും നാശവും സംബന്ധിച്ച പ്രസംഗം അവനെ വളരെ സംഭ്രമിപ്പിക്കുകയും ചെയ്തു.നിന്റെ അധികാരത്തിൽ ശിക്ഷാവിധി കല്പിക്കുന്ന ഇവൻ ആരാകുന്നു' എന്ന് യൗനാനെക്കുറിച്ച് ഭയങ്കരനായ രാജാവിനോട് ജനങ്ങൾ ചോദിച്ചു.

ഭൂമിയിലെ രാജാക്കന്മാരെ ഗൗനിക്കാത്ത ഇവനെ അയച്ചവൻ ആരാകുന്നു? അവൻ സംസാരിച്ചിട്ടുള്ള വചനങ്ങൾ സത്യമായിട്ടുള്ളവയോ? എന്തു കാരണത്താൽ നമ്മുടെ ദേശത്തിന്മേൽ ശിക്ഷയുണ്ടാകുന്നു? എന്നീ കാര്യങ്ങൾ അവനിൽനിന്ന് നമുക്ക് പഠിക്കാം എന്നവർ പറഞ്ഞു.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

## ഹൂലോലൊ

ഹാ- ഹാ - നാഥാ ദയ ചെയ് ഞാൻ രോഗി
സൗഖ്യം നൽകണേ എന്നസ്ഥികളിളകിയതാം - ഹാ

## ഏവൻഗേലിയോൻ

## മോറാനേശുമിശിഹാ പേജ് 19

## കൗമാ

## വിശ്വാസപ്രമാണം

# ബുധൻ - സുത്താറാ

## കൗമാ

## പ്രാരംഭ പ്രാർത്ഥന

## പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച്...

നിത്യസത്തയായിരിക്കുന്നവനും, കർതൃത്വത്തിലും അധികാരത്തിലും സമനുമായിരിക്കുന്നവനുമായ ത്രീയേകദൈവത്തിന് സ്തുതി. ഈ സമയത്തും.....

## സെദറാ

കർത്താവേ, നിസ്സാരനും പാപിയുമായ ഞാൻ നിന്റെ കരുണയെ സ്തോത്രം ചെയ്യുന്നു. വി. ശ്ലീഹന്മാർക്ക് നീ നൽകിയ പൗരോഹിത്യത്താൽ നിന്റെ മുൻപാകെ സുഗന്ധം അർപ്പിക്കുവാൻ അയോഗ്യനായ എന്നെ നീ വിളിക്കുകയും അടുപ്പിക്കുകയും ചെയ്തിരിക്കുന്നു. നീ അവർക്കധികാരം കൊടുത്ത് അവരോട് നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിക്കുമെങ്കിൽ അതു മോചിതമായിരിക്കുമെന്നും, ഭൂമിയിൽ ബന്ധിക്കുന്നവ സ്വർഗ്ഗത്തിലും ബന്ധിതമായിരിക്കുമെന്നും, ഭൂമിയിൽ അഴിക്കുന്നവ സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടതായിരിക്കുമെന്നും അരുളിച്ചെയ്തു. ഈ ശരണംനിമിത്തം കർത്താവേ, നിന്റെ കരുണയോട് ഞാൻ അപേക്ഷിക്കുന്നു. നിന്റെ മഹത്ത്വത്തിൻ മുമ്പാകെ നില്ക്കുന്ന നിന്റെ ദാസരുടെ കുററങ്ങളെ നിന്റെ സമൃദ്ധമായ ആർദ്രകരുണയാൽ നീ മായിക്കുകയും, ക്ഷമിക്കുകയും ചെയ്യണമേ. കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും അവർക്ക് നല്കണമേ. അവരോടുകൂടെ നിന്റെ വലത്തുഭാഗത്ത് ഞങ്ങൾ നിന്ന് നിന്റെ കരുണയെ ദർശിക്കുകയും നിനക്കും നിന്റെ വാഴ്ത്തപ്പെട്ട പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമേ.



ഹോശൊ...

## കോലോ

സർവ്വവും ഞാൻ പരിശോധിച്ചു. കർത്തൃഭയത്തേക്കാൾ സവിശേഷമായി യാതൊന്നും കണ്ടെത്തിയില്ല. അതിനെ സ്നേഹിച്ചവന് ഭാഗ്യം. നീതിമാനായ യൗസേഫ് അതിനെ സ്നേഹിക്കുകയും മിസ്രേമിലെ രാജാവായിത്തീരുകയും ചെയ്തു. വലിയവനായ മോശ അതിനെ സ്നേഹിക്കുകയും വടിയാൽ സമുദ്രത്തെ വിഭാഗിക്കയും ചെയ്തു. ഹാനനിയ ആദിയായവർ അതിനെ സ്നേഹിച്ചു. അഗ്നിയിൽ നിന്ന് അവർ വിടുവിക്കപ്പെട്ടു. അതു സ്വർണ്ണത്തേക്കാൾ ആഗ്രഹിക്കത്തക്കതും തേൻകട്ടയേക്കാൾ മാധുര്യമുള്ളതുമാകുന്നു. ദൈവഭക്തിയെ ഇഷ്ടപ്പെടുന്നവൻ ഭാഗ്യവാനാകുന്നു.

വി. പൗലോസ് എഴുതിയ ലേഖനം ഞാൻ വായിച്ചപ്പോൾ എന്റെ കണ്ണുകളിൽ നിന്നും നീർത്തുള്ളികൾ ഒഴുകി. അതിൽ വ്യഭിചാരികൾക്ക് കഷ്ടമെന്നും, മോഷ്ടാക്കൾക്ക് ലജ്ജയെന്നും, ദൈവദൂഷണക്കാർക്ക് കെട്ടുപോകാത്ത അഗ്നിയെന്നും ഞാൻ കണ്ടു. എന്റെ ബാല്യപ്രായംമുതൽ ഇവയെല്ലാം ഞാൻ പ്രവർത്തിച്ചതിനാൽ എനിക്ക് കഷ്ടം. പാപിനിയേപ്പോലെ ഞാൻ നിലവിളിക്കുന്നു. ചുങ്കക്കാരനേപ്പോലെ ഞാനപേക്ഷിക്കുന്നു. കാരുണ്യവാനായ കർത്താവേ, എന്നോടു ദയതോന്നി എന്നെ അനുഗ്രഹിക്കണമേ.

## മാർ അപ്രേമിന്റെ ബോവുസാ

കർത്താവേ, ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ.

നിന്റെ ശ്രീഭണ്ഡാരത്തിൽനിന്ന് കരുണയും അനുഗ്രഹങ്ങളും പാപമോചനവും ഞങ്ങൾക്കു നൽകണമേ. കർത്താവെ ഞങ്ങളുടെ പ്രവൃത്തികൾ നിന്നെ കോപിപ്പിച്ചു. നീയോ കോപിക്കാനിഷ്ടമില്ലാത്തവനാകുന്നു. നീ കരുണാപൂർണ്ണനായിരിക്കുന്നതുകൊണ്ട് നിന്റെ നിർമ്മലതയാകുന്ന മനസ്സ് അക്ഷോഭ്യമാകുന്നു.

നീ കരുണയുടെ കടലാകുന്നു. ഞങ്ങളുടെ ദുഷ്ടതയോ ചെളിയുടെ തുള്ളിമാത്രമാകുന്നു. വലിയ കടലിനെ കലക്കുവാൻ ഒരു തുള്ളിക്ക് കഴിയുന്നില്ല.

പ്രവാചകൻ പറഞ്ഞിരിക്കുന്നതുപോലെ സകല ജനങ്ങളുടെയും പാപം ഓരോ തുള്ളിയാകുന്നു. നീയാകുന്ന ശാന്തമായ കടലിനെ കലക്കുവിൻ ഞങ്ങളുടെ ഒരു ഉള്ളിലാകുന്ന പാപങ്ങൾക്ക് എങ്ങനെ കഴിയും?

കർത്താവേ, പാപികളിലേയ്ക്ക് ചൊരിഞ്ഞ സമൃദ്ധിയായ നിന്റെ സ്നേഹത്തിനു സ്തുതി. നിന്നെ അയച്ച പിതാവിന് ബഹുമാനവും പരിശുദ്ധാത്മാവിന് മഹത്ത്വവുമുണ്ടായിരിക്കട്ടെ.

പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾക്കുത്തരം നല്കുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളോട് രമ്യപ്പെട്ട് കൃപയാൽ ഞങ്ങളുടെ യാചനയ്ക്കുത്തരമരുളണമേ. കുറി....കുറി....കുറി...

### സങ്കീർത്തനങ്ങൾ 91, 121

അത്യുന്നതന്റെ മറവിൽ... പേജ് 31



### മാനീസോ

കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ...പേജ് 38

### ക്രോബേന്മാരുടെ സ്തുതി

✠കർത്താവിന്റെ ബഹുമാനം... പേജ് 40

### വിശ്വാസപ്രമാണം

(ബസ്മൽക്കോ, സാദീക്കോ ചൊല്ലി ധൂപം വയ്ക്കുന്നു.)

### ഹൂത്തോമോ

# ബുധൻ - രാത്രി

## കൗമാ

ഉറക്കമില്ലാത്ത... പേജ് 42

## സങ്കീർത്തനങ്ങൾ 133, 118, 116

ബാറെക്മോർ, രാത്രികാലങ്ങളിൽ... പേജ് 42

## എനിയോാനോ

യൗനാൻ സമുദ്രത്തിൽനിന്ന് കരേറിയശേഷം നിനുവ നിവാസികൾക്ക് അനുതാപം പ്രസംഗിപ്പാനായി നിനുവയിലേക്ക് യാത്രയായി. നിനുവയരേ, നിങ്ങൾ അനുതപിച്ച് ജീവിപ്പിൻ എന്നവൻ അവരോടു പ്രസംഗിച്ചു. ദൈവമേ നിനക്കു സ്തുതി, നിനക്കു സ്തുതി, കാരുണ്യവാനേ, നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.

സൃഷ്ടാവ് അവനോട് കല്പിച്ചപ്രകാരം തെരുവീഥികളിൽ അവൻ ശബ്ദമുയർത്തി. കണ്ടാലും ശിക്ഷ പെട്ടെന്ന് വരുന്നുവെന്നുള്ള അട്ടഹാസം അവരെ ഇളക്കുകയും ചെയ്തു. ദൈവമേ, നിനക്കു സ്തുതി, നിനക്കു സ്തുതി...

തങ്ങളുടെ ഭണ്ഡാഗാരങ്ങളിലേക്ക് തിരിഞ്ഞുനോക്കിയ ധനവാന്മാരും ദൈവത്തെ ഏററുപറഞ്ഞു. പഠനത്തിലേക്കും ശാസ്ത്ര സങ്കേതത്തിലേയ്ക്കും പുറപ്പെട്ടിട്ടുള്ള ചെറുപ്പക്കാരും തന്നെ അനുസരിച്ചുപറഞ്ഞു. ദൈവമേ, നിനക്കു സ്തുതി... ബാറെക്മോർ

പിതാവിനും... ആദിമുതൽ....

കർത്താവേ, നീ ഞങ്ങളുടെ നാശത്തിൽ ഇഷ്ടപ്പെടാത്തവനായിരിക്കെ ഞങ്ങളുടെ കുററങ്ങൾ



മൂലമുള്ള നാശത്തെ നീക്കിക്കളയുവാനായി ഞങ്ങളുടെ വർഗ്ഗത്തിന്മേൽ നിന്റെ കൃപ സർവ്വദാ ചിന്തപ്പെട്ടിരിക്കുന്നു. ദൈവമെ നിനക്കു സ്തുതി....

കുറിയേ... കുറിയേ... കുറിയേ....

## എക്ബോ

അനുതാപത്താൽ നിനുവയരോടു കരുണ ചെയ്തവനും എല്ലാവരോടും ദയ കാണിക്കുന്നവനുമായ കാരുണ്യവാനു സ്തുതി. സ്തൗമെൻ....

## കോലോ

മത്സ്യത്തിന്റെ ഉള്ളിൽവച്ച് യൗനാനോട് ഉത്തരമരുളുകയും കരയിലേക്ക് വേഗം അവനെ നിർഗ്ഗമിപ്പിക്കുവാൻ കല്പിക്കയും ചെയ്ത ദൈവമേ, സങ്കടത്തോടെ നിന്നോടപേക്ഷിക്കുന്ന സഭയോട് ഉത്തര മരുളണമേ. എന്തുകൊണ്ടെന്നാൽ സകല ഭാഗങ്ങളിൽ നിന്നും പീഡകർ അതിനെ ചുററിയിരിക്കുന്നു.

ബാറെക്മോർ. പിതാവിനും... ആദിമുതൽ....

നിനുവക്കാർ അനുതപിച്ച് ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടു. അവർ ദുർമ്മാർഗ്ഗങ്ങളെയും സകലവിധ പാപങ്ങളെയും ഉപേക്ഷിച്ചു. എന്നാൽ ദൈവത്തെ സ്നേഹിക്കുകയും പശ്ചാത്താപത്താൽ സ്വന്തം കുററങ്ങൾക്കായി കണ്ണുനീർ ചൊരിയുകയും ചെയ്യുന്നവൻ നോമ്പാൽ എത്രമാത്രം രക്ഷിക്കപ്പെടും.

(വേറൊന്ന്)

യൗനാൻ നിനുവയരോട് പ്രസംഗിച്ചു. അവന്റെ ശബ്ദത്താൽ വലിയ കോട്ട ഭയപ്പെട്ടു. എബ്രായക്കാരനായ

യൗനാന്റെ സുനിശ്ചിതമായ സംസാരത്തിൽ ബലമുള്ള പട്ടണം ഇളകി ഭ്രമിച്ചു.

അത് നശിപ്പിക്കപ്പെടുമെന്നും ഇനിയും നിലനില്പില്ലെന്നും നിർമ്മൂലമാക്കപ്പെടുമെന്നും എല്ലാവർക്കും സംഭ്രാന്തിയുണ്ടാകുമെന്നും ഉന്നത കോട്ടകൾ പെട്ടെന്നു വീഴുമെന്നും, നശിച്ച് ശൂന്യമായി മൺകൂമ്പാരം പോലെയാകുമെന്നും അറിയിക്കപ്പെട്ടു.

വലിയ നിനുവ വീണുപോകുമെന്നും ഇനിയും നിലനില്ക്കാത്തവണ്ണം ദൈവകോപത്താൽ അതു മറിച്ചിടപ്പെട്ട് നിർമ്മൂലമാക്കപ്പെടുമെന്നും സകല തിന്മകളാലും അതിലെ മനുഷ്യർ നശിക്കുമെന്നും യൗനാൻ പ്രസംഗിച്ചു.

**മാർ യാക്കോബിന്റെ ബോവൂസോ** പേജ് 208

**രണ്ടാം കൗമാ**

✠കർത്താവിന്റെ ബഹുമാനം ..... പേജ് 40

**എക്ബോ**

നിനുവയോട് ദയ ചെയ്ത കാരുണ്യവാനേ, നിനക്ക് സ്തുതി. സ്തൗമെൻ കാലൊസ്...

**കോലോ**

നിനുവാക്കാർ ഉപവസിച്ച് കോപത്തിൽനിന്ന് രക്ഷപ്പെട്ടു. അവർ സങ്കടത്തോടെ ദൈവമുൻപാകെ കണ്ണുനീർ ഒഴുക്കി. സഹോദരങ്ങളെ, നാം ജീവൻ അവകാശപ്പെടുത്തുന്നതിനും വിശുദ്ധരോടുകൂടെ പ്രകാശത്തിന്റെ മണവറയിൽ ആനന്ദിക്കുന്നതിനും പരിശ്രമിക്കണം.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ....



കർത്താവേ, നിന്റെ കോപത്തിൽ ഞങ്ങളെ ശാസിക്കരുതേ. നിന്റെ ക്രോധത്തിൽ ഞങ്ങളെ ശിക്ഷിക്കയുമരുതേ എന്ന് നിനുവാക്കാർ നെടുവീർപ്പോടുകൂടെ നിലവിളിച്ചപേക്ഷിച്ചു. എന്തെന്നാൽ എഴുതപ്പെട്ടിരിക്കുന്ന പ്രകാരം ദൈവം തന്റെ തൃക്കൈയാൽ മെനഞ്ഞുണ്ടാക്കിയ സൃഷ്ടിയിന്മേൽ ആർദ്രതയുള്ളവനാകുന്നു. മൊറിയോ റാഹേം...

**എത്രോ**

**കോലോ**

നിനുവാപട്ടണമേ, നിനക്കു ഹാ കഷ്ടം. എന്തെന്നാൽ ദൈവകോപം നിന്റെ മനോഹരഭംഗിയെ നശിപ്പിക്കുകയും നിന്റെ അലങ്കാരം അന്ധകാരത്തിൽ തള്ളിയിടുകയും ചെയ്തു. യൗനാന്റെ ശബ്ദം നിനുവാക്കാർ കേട്ട് ഭയപ്പെടുകയും കഠിനമായി ദുഃഖിക്കുകയും ചെയ്തു.

യൗനാന്റെ വചനങ്ങൾ സംശയമെന്യേ നിനുവാക്കാർ കേട്ടു. അവർക്കു നിശ്ചയിച്ചിരുന്ന ശിക്ഷയേയും നാശത്തെയും നീക്കിക്കളയുവാനായി കഷ്ടതയും കണ്ണുനീരും ദുഃഖവും ദൈവമുൻപാകെ അവർ സമർപ്പിച്ചു.

സ്വർണ്ണത്താലല്ല, തുടർച്ചയായ പ്രാർത്ഥനയാൽ നിനുവ രക്ഷപ്പെട്ടു. ചാക്കും ചാരവും അതിന് കോട്ടയായിരുന്നു. രക്ഷിക്കപ്പെടുവാൻ നോമ്പും തപസ്സും അതിന്റെ മക്കളെ പഠിപ്പിക്കുകയും ചെയ്തു.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ....

കർത്താവേ, എനിക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ന്യായതീർപ്പിനെ അഴിക്കുകയും എന്റെമേലുള്ള ശിക്ഷയെ നിന്റെ കരുണയാൽ നീക്കിക്കളയുകയും ചെയ്യണമെന്ന് ഞാനപേക്ഷിക്കുന്നു. കാരുണ്യവാന്റെ മുൻപാകെ നിനുവ അപേക്ഷിക്കയും കർത്താവ് അതിന്റെ അപേക്ഷാശബ്ദം

കേട്ട് കരുണയാൽ അതിനോട് ദയ കാണിക്കുകയും ചെയ്തു. മൊറിയോ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ.

മാതാപിതാക്കളേ, ഞങ്ങൾ എപ്പോൾ മരിക്കുമെന്ന് ഞങ്ങളോടു വിവരിക്കുക എന്ന് മക്കൾ സങ്കടത്തോടും വിലാപത്തോടും ചോദിച്ചു.

ഇതുകേട്ട് മാതാപിതാക്കൾ നെടുവീർപ്പോടെ മക്കളെക്കുറിച്ച് കരഞ്ഞു. കർത്താവ് അവരുടെ സങ്കടംകേട്ട് വേഗത്തിൽ അവരുടെ അപേക്ഷ കൈക്കൊണ്ടു.

പ്രാർത്ഥന കേൾക്കുന്നവനും യാചനകൾക്കുത്തരം നല്കുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോട് പ്രീതിപ്പെട്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്കുത്തരം നൽകണമേ.

## മൂന്നാം കൗമാ

✠കർത്താവിന്റെ ബഹുമാനം .... പേജ് 40

## എക്ബോ, കോലാ പേജ് 163

## മാർ ബാലായിയുടെ ബോവൂസോ

പാപികളോട് കരുണ ചെയ്യുന്നവനേ, നീ ന്യായം വിധിക്കുന്ന ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമെ. നിന്റെ കൃപാധിക്യത്താൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ.

മാതാക്കൾ കുഞ്ഞുങ്ങൾക്ക് പാൽ കൊടുത്തില്ല. വിവാഹിതരായ സ്ത്രീകൾ ദുഃഖത്തോടെ ചാക്കു ധരിച്ചു. വൃദ്ധരും ശിശുക്കളും ചാരത്തിൽ കിടന്നു പ്രാർത്ഥിച്ചു.



സകല ജീവന്റെയും ഉടയവനും നാഥനുമായവനെ സ്വഭാവേന സർവ്വസൃഷ്ടികളും ആരാധിക്കുന്നു. തനിക്ക് സകല ശ്വാസങ്ങളിൽനിന്നും സ്തുതി യോഗ്യമാകുന്നു.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ.

## നാലാം കൗമാ

✠ ഹാലേലുയ്യാ - ഹാലേലുയ്യാ... പേജ് 55

## സങ്കീർത്തനങ്ങൾ 148,149,150

ഉറങ്ങിയവരേ, നിങ്ങൾ... പേജ് 55

ത്രിത്വത്തിന് സ്തുതി... പേജ് 58

## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ... പേജ് 61

മോറാനേശുമിശിഹാ... പേജ് 19

# ബുധൻ - പ്രഭാതം

## കൗമാ

### പ്രാരംഭ പ്രാർത്ഥന പേജ് 63

### സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻപ്രകാരം പേജ് 63

### സങ്കീർത്തനം 63

എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു. പേജ് 66

### എനിയോനോ

നിനുവയുടെമേൽ കരുണ ചെയ്ത ഉത്തമ നാഥാ, നിന്നോടപേക്ഷിക്കുന്ന നിന്റെ ഇടവകയുടെമേൽ കരുണ വർഷിക്കണമേ, ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

യുവതികൾ തങ്ങളുടെ തലകളിൽ ചാരം വിതറുകയും യുവാക്കന്മാർ കണ്ണുനീർ ചിന്തുകയും തങ്ങളുടെ മുഖങ്ങളിൽ പൊടിമണ്ണ് വിതറുകയും ചെയ്തു. ദൈവമേ...

വലിയ ദുഃഖത്തോടെ സ്വന്ത കിരീടം മാററിക്കളഞ്ഞ രാജാവിനെ മണവാളന്മാർ ദർശിക്കയും അവർ തങ്ങളുടെ മുടികൾ നീക്കിക്കളഞ്ഞ് അവനോടുകൂടെ കരയുകയും ചെയ്തു. ദൈവമേ ....

മഴയ്ക്കു പകരം ഭൂമിയിൽ കണ്ണുനീർ ചൊരിയപ്പെടുകയും കഠിനമായ വിലാപത്തിന്റെ സ്വരം മുഴങ്ങുകയും ചെയ്തു. ദൈവമേ...



പീഡകൾനിമിത്തം കരയുന്ന ശിശുക്കളെ കണ്ടപ്പോൾ മാതാക്കളിൽനിന്ന് പാലും കണ്ണുനീരും ഒഴുകി. ദൈവമേ....

ബാറെക്മോർ. പിതാവിനും.... ആദിമുതൽ...

കർത്താവേ, എന്നെ ആക്രമിക്കുന്ന ഉപദ്രവകാരികളെ വിരോധിക്കുകയും എന്നെ ചുററിയിരിക്കുന്ന കോട്ടകളെ ഇളക്കംകൂടാതെ സംരക്ഷിക്കുകയും ചെയ്യണമെ.

കുറിയേലായിസ്സോൻ.

### സങ്കീർത്തനം 19

ആകാശങ്ങൾ ദൈവത്തിന്റെ... പേജ് 70

### എനിയോനോ

സകല അനുതാപികളുടെയും ജീവനിലും രക്ഷയിലും ഇഷ്ടപ്പെടുന്ന ദൈവപുത്രൻ പാപങ്ങളിൽ അടിമപ്പെട്ടിരുന്ന നിനുവയെ തന്റെ അടുക്കലേക്ക് തിരിക്കുവാൻ തിരുമനസ്സായി. അതിലെ നിവാസികളോട് പ്രസംഗിച്ച് അവരെ തിരിപ്പാനായി മത്തായിയുടെ പുത്രനായ യൗനാനെ താൻ കല്പിച്ചയച്ചു.

യൗനാൻ തന്റെ നാഥന്റെ കല്പനയനുസരിക്കാതെ കപ്പൽ കയറി കടന്നുകളയുവാൻ സമുദ്രതീരത്തേക്ക് പോയി. രഹസ്യം രൂപപ്പെടുത്തുവാൻ തിമിംഗലത്തിന്റെ ഉള്ളിൽ സമുദ്രം അവനെ അടക്കി. അവൻ പ്രാർത്ഥിക്കുകയും കർത്താവ് അവനോടുത്തരമരുളുകയും ചെയ്തു. അവൻ പുറപ്പെട്ട് തന്റെ കല്പന നിവർത്തിക്കുകയും തന്റെ പുനരുത്ഥാനം ആവിഷ്ക്കരിക്കുകയും ചെയ്തു.

പരാക്രമികളുടെ പട്ടണമായ നിനുവയിൽ യൗനാൻ എത്തി. നാല്പതു ദിവസങ്ങൾക്കുശേഷം നിനുവ പട്ടണത്തെയും അതിലെ നിവാസികളെയും തകർക്കുമെന്നും കർത്താവിന്റെ കോപം വന്ന് അവരെല്ലാവരെയും നശിപ്പിക്കുമെന്നുമുള്ള കർത്താവിന്റെ കല്പന അവരോടു പ്രസംഗിച്ചു തുടങ്ങി.

നിനുവ നശിച്ചുപോകുമെന്നുള്ള ദീർഘദർശിയുടെ പ്രസംഗം രാജാവ് കേട്ട് പരിഭ്രമിച്ചു. അവൻ ശ്രേഷ്ഠന്മാരേയും പ്രമാണികളെയും വിളിച്ച് "കർത്താവിൽ നമുക്കഭയപ്പെടാം. നമ്മെ രക്ഷിപ്പാൻ അവൻ പ്രാപ്തനാകയാൽ തന്നോടപേക്ഷിക്കാം" എന്ന് അവരോട് പറഞ്ഞു.

രാജാവു പട്ടുവസ്ത്രം നീക്കി ചാക്കു ധരിച്ചു, ചാരം വിതറി നാഥന്റെ മുൻപിൽ കിടന്നു. അവന്റെ എളിമ കണ്ടു അവന്റെ ജനത്തിന് രക്ഷ നല്കുകയും അവനെ ശ്രേഷ്ഠനാക്കുകയും ചെയ്തു. ബാറെക്മോർ.

പിതാവിനും.... ആദിമുതൽ....

കോപത്തിൽനിന്ന് തന്റെ കൃപയാൽ നിനുവാക്കാരെ രക്ഷിച്ച നല്ല നാഥാ, നിന്റെ ജീവനുള്ള രക്തത്താൽ രക്ഷപ്പെട്ടിരിക്കുന്ന നിന്റെ ഇടവകയെ പാപത്തിന്റെ ദാസ്യത്തിൽ നിന്ന് രക്ഷിക്കണമേ. അത് നിന്നിൽ അഭയപ്പെട്ടിരിക്കുന്നതിനാൽ അതിനെ ഉപേക്ഷിക്കരുതേ. കുറിയേ...

**ഏശ 42:10-13; 45:8**

കർത്താവിന് ഒരു പുതിയ... പേജ് 73



## കോലോ

അഗാധത്തിന്റെ അടിയിൽവച്ച് യൗനാൻ ദീർഘദർശിയുടെ പ്രാർത്ഥന കൈക്കൊണ്ടപ്രകാരം നിന്റെ കരുണയാൽ ഞങ്ങളോട് രമ്യപ്പെടണമേ. എന്തെന്നാൽ അരിഷ്ടതയുള്ള ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷിതാവ് നീയാകുന്നു.

നിനുവക്കാരിൽനിന്ന് അവരുടെ പിന്തിരിവുനിമിത്തം ഭയങ്കരവിധ തീർപ്പിനെ നീക്കിക്കളഞ്ഞ കാരുണ്യവാനേ, നിന്റെ വിലയേറിയ രക്തത്താൽ രക്ഷിക്കപ്പെട്ട നിന്റെ ദാസരിൽ നിന്ന് ശിക്ഷകൾ ദൂരീകരിക്കണമേ. കണ്ടാലും! അവർ നിനക്കു സ്തുതി പാടുകയും എന്നേയ്ക്കും നിന്നെ പുകഴ്ത്തി ഉൽഘോഷിക്കുകയും ചെയ്യുമാറാകട്ടെ.

അനുതപിക്കുന്ന പാപികൾക്ക് തന്റെ വാതിൽ തുറന്നിട്ടിരിക്കുന്ന കാരുണ്യവാനും അനുഗ്രഹപൂർണ്ണനുമേ, ഞങ്ങളുടെ ദുഷ്ടതയെക്കുറിച്ച് അനുതപിക്കുവാൻ കൃപ നല്കണമേ.

ഞങ്ങളുടെ സർവ്വപാപങ്ങളും പരിഹരിക്കണമേ. ആയത് സന്തോഷത്തോടെ എന്നേക്കും നിന്നെ ഞങ്ങൾ സ്തുതിച്ചു പുകഴ്ത്തുവാനായി തന്നെ.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ....

കാരുണ്യവാനായ കർത്താവേ, നിനക്കു വിരോധമായി ഞങ്ങൾ പാപം ചെയ്തതിനാൽ നിന്റെ അടിയാരായ ഞങ്ങളെ നിരസിക്കരുതേ. ഞങ്ങളിൽ കലർന്നിരിക്കുന്ന ജീവനുള്ള നിന്റെ ശരീരരക്തങ്ങൾനിമിത്തം ഞങ്ങളോട് ദയ തോന്നുകയും നിനുവാക്കാരോടെന്നപ്രകാരം

ദൈവമേ, ഞങ്ങളോട് രമ്യപ്പെടുകയും ചെയ്യണമേ. ആമ്മീൻ.

### സങ്കീർത്തനം 113 :1-9

പ്രകാശത്തിന്റെ സ്രഷ്ടാവിന്... പേജ് 76

### എക്ബോ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ.

സ്തൗമെൻകാലൊസ്....

### പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച്...

തന്റെ കൃപയാൽ ജഡത്തിൽ കാണപ്പെട്ട ഉന്നതനും അദൃശ്യനും തന്റെ വ്യാപാരകാലത്ത് നാല്പത് ദിവസം നോമ്പാചരിക്കുകയും തന്റെ ശക്തിയാൽ പരീക്ഷകനെ വീഴ്ത്തുകയും ചെയ്തവനുമായ തനിക്കു സ്തുതി. അവന് ഈ സമയത്തും...

### സെദറാ

ദൈവമേ, നിന്റെ കൃപയുടെ പ്രവാഹം ഞങ്ങളുടെ ദുഷ്ടതയുടെ ശക്തിയെ കവിയുന്നു. നിന്റെ കരുണയുടെ ആധിക്യം ഞങ്ങളുടെ കുററങ്ങളുടെ ബാഹുല്യം മറയ്ക്കുന്നു. ഇപ്പോൾ കർത്താവേ, ഞങ്ങളുടെ അധർമ്മങ്ങളുടെ പെരുപ്പം ഗണ്യമാക്കാതെ ഞങ്ങളോട് ദയയും പ്രീതിയും കാണിക്കണമേ. നീ പ്രസാദിച്ച് നിന്റെ സഭയേയും നിന്റെ അദൃശ്യസീയോന്റെ കോട്ടകളേയും



നവീകരിക്കണമേ, ഞങ്ങളുടെ ബലഹീന അപേക്ഷകളെയും ആത്മീയകാഴ്ചകളെയും സ്വീകരിക്കണമേ. തിരുസന്നിധിയിൽ ഞങ്ങൾ ചെയ്യുന്ന പ്രാർത്ഥനകളിലും അപേക്ഷകളിലും ഞങ്ങൾ സ്മരിക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള എല്ലാവരെയും കടാക്ഷിക്കണമേ. നിന്റെ അടിയാരുടെ കൂട്ടത്തെ നിത്യഭാഗ്യത്തിനും സ്വർഗ്ഗീയാനുഗ്രഹങ്ങൾക്കും യോഗ്യരാക്കണമേ. കർത്താവേ, പൈതങ്ങളെയും യുവാക്കളെയും വൃദ്ധരെയും ദരിദ്രരെയും ധനികരെയും ആതുരരേയും നിന്നെ നോക്കിവിളിക്കുന്ന സകലരേയും സംരക്ഷിക്കണമേ. മനുഷ്യസ്നേഹമുള്ള കർത്താവേ, ദോഷം കൂടാത്ത ആയുസ്സിന്റെ നന്മയും നീതിപൂർവ്വമായ പ്രയത്നത്തിന്റെ സന്തോഷവും ഞങ്ങൾക്ക് നല്കണമേ. ആത്മീയവും ശാരീരികവുമായ നന്മകളാൽ ദുഃഖം കൂടാതെ ഞങ്ങളെ കാത്തുകൊള്ളണമേ. സഹിഷ്ണതയിലും തിരുവിഷ്ടം പൂർണ്ണമായി നിവർത്തിക്കുന്നതിലും ഞങ്ങൾ വിശ്വസ്തരായി തീരണമേ. മഹത്ത്വവും ഭാഗ്യദായകവുമായ പ്രതിസമ്മാനം ഞങ്ങൾക്ക് നല്കണമെ. നിനക്കു സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കും. ആമ്മീൻ.

### കോലോ

പാപികൾ അനുതപിക്കുന്നുവെങ്കിൽ മാലാഖമാരും നീതിമാന്മാരുടെ ആത്മാക്കളും സന്തോഷിക്കുന്നു എന്ന് വേദപ്രമാണത്തിൽ എഴുതിയിരിക്കുന്നു. ഞങ്ങളുടെ വീഴ്ചയാൽ മാലാഖമാർ വിലപിക്കുകയും നിങ്ങളുടെ ദൈവം എവിടെയെന്ന് പുറജാതികൾ പരിഹസിക്കുകയും ചെയ്വാൻ ഇടയാകരുതേ. ദൈവമേ, നിന്റെ ദയയാൽ നിനുവായരോടുത്തരമരുളിയപ്രകാരം കർത്താവേ, നിന്റെ

കരുണയാൽ ഞങ്ങളോടുത്തരമരുളുകയും ശിക്ഷകൾ ഞങ്ങളിൽ നിന്ന് നീക്കുകയും വിശുദ്ധ സഭയിൽ സമാധാനം വസിപ്പിക്കയും ചെയ്യണമേ. ബാറെക്മോർ.

പിതാവിനും.... ആദിമുതൽ....

നീതിയോടും വിശുദ്ധിയോടും പരമാർത്ഥതയോടും കൂടെ പരിപാകതയുള്ള കർമ്മങ്ങളാൽ ലോകത്തിൽ വ്യാപരിക്കുന്നവനു ഭാഗ്യം. വിചാരത്തിൽ ദുഷ്ടതയും ഹൃദയത്തിൽ വഞ്ചനയും ഇല്ലാതിരിക്കുകയും ചെയ്യുന്നവനു ഭാഗ്യം. എന്തെന്നാൽ അവൻ ദൈവത്തിന്റെ ആലയമാകുന്നു. വിശുദ്ധാത്മാവ് അവനിൽ വസിക്കുന്നു. മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ നീതി പ്രവർത്തിക്കുന്ന ശുശ്രൂഷകർക്ക് ഒരുക്കിയിരിക്കുന്ന രാജ്യത്തിൽ അവൻ പ്രവേശിച്ച് അതിനെ അവകാശമാക്കുന്നു. മൊറിയോ....

## എത്രോ

## കോലോ

നിനുവാപട്ടണം നാല്പതുദിവസം വെടിപ്പും വിശുദ്ധിയുമുള്ള നോമ്പനുഷ്ഠിച്ചു. വിധിതീർപ്പിനെ നീക്കിക്കളഞ്ഞു. രാജാവ് ഉപവസിച്ച് ചാക്കും ചാരവും ധരിച്ചു. കർത്താവിന് അപേക്ഷയും ഉപവാസവും പ്രാർത്ഥനയും സമർപ്പിച്ചു. സഹോദരങ്ങളേ, വരുവിൻ, നമുക്ക് ഉപവസിച്ചും പ്രാർത്ഥിച്ചും ദയാലുവായ കർത്താവിനെ രമ്യപ്പെടുത്താം. പശ്ചാത്താപത്തോടെ 'കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ' എന്ന് ഉണർത്തിക്കുകയും ചെയ്യാം.

ബാറെക്മോർ. പിതാവിനും.... ആദിമുതൽ....



നിനുവാക്കാർ ചാരം പൂശിയതിനാൽ കഷ്ടാനുഭവം നീക്കപ്പെട്ടു. ചാക്കുധരിച്ച് താഴ്മ പൂണ്ടതിനാൽ വലിയ ശിക്ഷയിൽനിന്ന് രക്ഷിക്കപ്പെട്ടു. അതു സ്വർഗ്ഗോന്നതിയുടെ വാതിൽക്കൽ സംയോജിപ്പുണ്ടാക്കി. കണ്ണുനീരൊഴുക്കി ദുഃഖിച്ചതിനാൽ അനുഗ്രഹവർഷം അവർക്കുണ്ടാകുകയും അവർ ആനന്ദിക്കുകയും ചെയ്തു. അവരുടെ പ്രാർത്ഥന സ്വീകരിച്ച കാരുണ്യവാനു സ്തുതി. മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസാ

ഞങ്ങളുടെ കർത്താവേ, കരുണനിറഞ്ഞ നിന്റെ വലിയ വാതിൽ ഞങ്ങൾക്കു തുറന്നു തരണമേ. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

കാര്യദർശികളിൽനിന്ന് ഭീകരവാർത്തകൾ കേട്ട രാജാവ് തന്നത്താൻ വിറച്ചുകൊണ്ട് അവന്റെ കിരീടത്തെ എറിഞ്ഞുകളഞ്ഞു. ചാക്ക് ധരിച്ച് കണ്ണുനീർ ഒഴുക്കി. ദുഃഖം പൂണ്ട് അവന്റെ തലയിൽ ചാരവും പൂഴിയും മണ്ണും വാരിയിട്ടു.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായവൻ വന്ദ്യനും മഹത്വമുള്ളവനുമാകുന്നു. കണ്ടാലും ആദിമുതൽ തലമുറ തലമുറയോളം തനിക്ക് സ്തുതി. നിനുവയുടെ മേൽ ദൈവകൃപ ചൊരിഞ്ഞ് കോപത്തിൽനിന്ന് അവരെ രക്ഷിച്ചവനു മഹത്വം.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

### ഹൂലോലൊ

ഹാ - ഹാ - നാഥാ ദയ ചെയ് ഞാൻ രോഗി
സൗഖ്യം നൽകണമേ എന്നസ്ഥികളിളകിയതാം - ഹാ

### ഏവൻഗേലിയോൻ

### പെസ്ഗൊമൊ

സകലത്തിന്റെയും ഉടയവനായ ദൈവമേ,... പേജ് 83

### അപേക്ഷയും കൗമായും

കർത്താവേ, നിന്നെ സ്തോത്രം ചെയ്യുന്നതും... പേജ് 84

### വിശ്വാസപ്രമാണം



## ബുധൻ - മൂന്നാം മണി

### കൗമാ

### കോലോ

രാജാവ് മനോഹരമായ തന്റെ പള്ളിയറ ഉപേക്ഷിച്ചു. ഭംഗിയുള്ള കൊട്ടാരവും മാർദ്ദവമായ പട്ടുവസ്ത്രങ്ങളും പരിത്യജിച്ചു. അവന്റെ തലയിൽനിന്ന് കിരീടം മാറ്റി സങ്കടത്തോടെ കരയുകയും അധികാരികളും പ്രമാണികളും അവനോടുകൂടെ വിലപിക്കുകയും ചെയ്തു. കർത്താവ് അവന്റെ എളിമ കാണുകയും അവന്റെ അപേക്ഷാശബ്ദം കേട്ട് അവന്റെ ജനത്തിൽനിന്ന് കോപം നീക്കിക്കളയുകയും ചെയ്തു.

ബാറെക്മോർ. പിതാവിനും... ആദിമുതൽ...

സ്ത്രീകൾ തങ്ങളുടെ ഓമനക്കുഞ്ഞുങ്ങളുടെ കഷ്ടതയിൽ വേദനയോടുകൂടെ ദീർഘനിശ്വാസം ചെയ്തു. മൃഗങ്ങൾ ഭക്ഷണം കിട്ടാഞ്ഞതിനാൽ നിലവിളിച്ചു. വൃദ്ധന്മാരും പൈതങ്ങളും ധനവാന്മാരും ദരിദ്രരും രാജാവും നേതാക്കന്മാരും വിലപിച്ചു. കർത്താവ് അവരുടെ അനുതാപം കണ്ടതിനാൽ ദുഃഖം അവരിൽനിന്ന് ദൂരീകരിച്ചു.

മൊറിയോ റാഹേം...

### മാർ യാക്കോബിന്റെ ബോവൂസോ

ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരണമേ. ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവേ, നിന്നോടു ഞാനപേക്ഷിക്കുന്നു, എന്നെ സംഹരിക്കുവാൻ വരുന്നവരെ നിരോധിക്കണമേ. എന്നെ ചുറ്റിയിരിക്കുന്ന കോട്ടകളെ ഇളക്കം കൂടാതെ കാത്തുകൊള്ളണമേ. നാശകരിൽനിന്ന് എന്റെ ഭവനത്തെ സംരക്ഷിക്കണമേ. എന്നിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന എന്റെ വാതിലുകൾ നാശം കൂടാതെ നിലനിർത്തണമേ.

നിനുവാക്കാരുടെമേൽ കരുണ ചൊരിഞ്ഞ ഉത്തമ നാഥാ നിന്റെ തിരുരക്തത്താൽ വിലയ്ക്കു കൊള്ളപ്പെട്ട നിന്റെ ഇടവകയിന്മേൽ കരുണ ചൊരിയണമേ. സകല ശിക്ഷകളും ക്രോധദണ്ഡുകളും ഞങ്ങളിൽനിന്ന് നീക്കണമേ. നിന്റെ തിരുനാമത്തെയും അദൃശ്യനായ നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും ഞങ്ങൾ സ്തോത്രം ചെയ്യുമാറാകണമേ.

സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

### കൗമാ

### വിശ്വാസപ്രമാണം



# ബുധൻ - ആറാം മണി

### കൗമാ

### പ്രുമിയോൻ

നാമെല്ലാവരും പ്രാർത്ഥിച്ച്...

അനുതാപികൾക്കായി തുറക്കപ്പെട്ടിരിക്കുന്ന കൃപാവാതിലും മർത്ത്യർക്കു അഭയസ്ഥാനമായ ജീവതുറമുഖവും അശുദ്ധന്മാരെ ധവളീകരിക്കുന്ന ശുദ്ധീകരണ സോപ്പായും അനുതാപികൾക്കായി അഭിവാഞ്ചയോടിരിക്കുന്നവനുമായ തനിക്കു സ്തുതി, ഈ സമയത്തും...

### സെദറാ

സ്രഷ്ടാവായ നിത്യനും, സർവ്വജഡത്തേയും ജീവിപ്പിക്കുന്ന സർവ്വശക്തനുമായ കർത്താവേ, സ്വസാദൃശ്യത്തിൽ നീ മനുഷ്യനെ സൃഷ്ടിച്ചു. കുററംകൂടാതെ ജീവിപ്പാൻ അവന് ന്യായപ്രമാണം നീ നല്കി. അവൻ പാപം ചെയ്തശേഷം കൃപയാൽ എഴുന്നേൽപ്പാൻ അച്ചാരവും അവനു നീ കൊടുത്തു. ഇപ്പോൾ കർത്താവേ, ആത്മശരീരങ്ങളുടെ കഴുത്തുകൾ ദുഃഖത്തോടെ നിന്റെ പക്കൽ കുനിച്ചിരിക്കുന്ന നിന്റെ ദാസരുടെ അടുക്കലേക്ക് തിരിയണമേ. നിന്റെ മനുഷ്യസ്നേഹത്തിനു തക്കവണ്ണം അവരെ കൈക്കൊള്ളണമേ. പാപിയുടെ മരണത്തിലല്ല പിന്നെയോ അനുതാപത്താൽ അവൻ ദുഷ്ടവഴിയിൽനിന്ന് പിൻതിരിഞ്ഞു ജീവിക്കണമെന്ന് നീ ആഗ്രഹിക്കുന്നു. നിനുവക്കാരുടെ അനുതാപം നീ കൈക്കൊള്ളുകയും അവരുടെമേൽ നിശ്ചയിച്ചിരുന്ന ശിക്ഷയെ നീക്കിക്കളയുകയും ചെയ്തു. വ്യഭിചാരിണിയുടെ കണ്ണുനീരും ചുങ്കക്കാരൻ

സക്കായിയുടെ അനുതാപവും മ്നാശെയുടെ ഏററുപറച്ചിലും വലത്തുഭാഗത്തെ കള്ളന്റെ വിശ്വാസവും നീ കൈക്കൊണ്ടു. എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും നിത്യ ജ്ഞാനത്തിലേയ്ക്ക് വരണമെന്നും നീ ആഗ്രഹിക്കുന്നു. തന്റെ സമ്പാദ്യങ്ങൾ നാനാവിധപ്പെടുത്തിയ ധൂർത്തനായ പുത്രനെ നീ കൈക്കൊള്ളുകയും പൈതൃകസ്നേഹത്താൽ അവനോട് കരുണ കാണിക്കുകയും ചെയ്തു. ഇപ്പോൾ കർത്താവേ, ഞങ്ങളുടെ അനുതാപം സ്വീകരിക്കണമേ. ലജ്ജകൂടാതെ തിരുമുൻപാകെ ഞങ്ങൾ നില്ക്കുമാറാകണമേ. ഞങ്ങളുടെ കടച്ചീട്ട് മായിക്കണമേ. ഞങ്ങളുടെ കുററങ്ങൾക്ക് പരിഹാരം നല്കണമേ. ഞങ്ങളും അവരും നിനക്കു സ്തുതിയും സ്തോത്രവും ഇപ്പൊഴും എപ്പൊഴും എന്നേക്കും കരേററും. ആമ്മീൻ.

## കോലോ

നെടുവീർപ്പിന്റെ കണ്ണുനീർ ചൊരിഞ്ഞതിനാൽ നിനുവ ഉഗ്രവും കഠിനവുമായ ദൈവകോപത്തിൽനിന്ന് രക്ഷിക്കപ്പെട്ടു. അതിനെ മുക്കിക്കളയുവാൻ തക്കവണ്ണം അതിന്റെ കുററങ്ങൾ തിരമാലകൾക്ക് സദൃശമായിരുന്നു. അതിനെ രക്ഷിക്കുന്നതിന് അനുതാപവും ഉപവാസവും കപ്പലായിത്തീരുകയും വിശുദ്ധ നോമ്പാചരിച്ച് നീതിയുള്ള ഭയങ്കര ന്യായതീർപ്പ് നീക്കിക്കളയുകയും ചെയ്തു. ബാറെക്മോർ.

പിതാവിനും.... ആദിമുതൽ....

ഞങ്ങളുടെ കർത്താവായ യേശുവേ, നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങൾ പരിഹരിക്കണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. നിന്റെ



നീതിയെ കോപിപ്പിച്ചവരുടെ പ്രവൃത്തികൾനിമിത്തം നിന്നെ വിളിക്കുന്ന പാപികളിൽനിന്ന് നീ പിന്തിരിയരുതേ. കർത്താവേ, കുരിശുമരത്തിലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്ന നിന്റെ കൃപ ഞെരുക്കകാലങ്ങളിൽ ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുമാറാകണമേ. നിന്റെ കഷ്ടാനുഭവങ്ങൾ നിന്നോടപേക്ഷിക്കുകയും സകല തിന്മകളെയും ഞങ്ങളിൽനിന്ന് വിലക്കുകയും ചെയ്യണമേ. മൊറിയോ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങളുടെ കർത്താവേ, ഞങ്ങളോട് കരുണ ചെയ്യണമേ. കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ.

നാല്പതു ദിവസങ്ങൾക്കകം അവരുടെമേൽ വരുന്ന ശിക്ഷയെക്കുറിച്ച് ഭ്രമവും വിറയലും നിറഞ്ഞ സങ്കട ശബ്ദം അവരിൽ ഉണ്ടായി.

അവരുടെ ദുഷ്ടത കണ്ട് പ്രസംഗകനെ അവരുടെ പക്കലേക്ക് അയച്ചുകൊടുത്ത നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ദുർമാർഗ്ഗങ്ങളിൽനിന്ന് അവരെ പിന്തിരിപ്പിച്ചവന് അവർസ്തുതി പാടുകയും ചെയ്തു.

പ്രാർത്ഥനകൾ കേൾക്കുന്നവനും യാചനകൾക്ക് ഉത്തരം നൽകുന്നവനുമേ, ഞങ്ങളുടെ പ്രാർത്ഥനകേട്ട് ഞങ്ങളോട് പ്രീതിപ്പെട്ട് കൃപയാൽ ഞങ്ങളുടെ യാചനകൾക്കുത്തരമരുളണമേ.

## കൗമാ

## വിശ്വാസപ്രമാണം

# ബുധൻ - ഒൻപതാം മണി

## കൗമാ

## കോലോ

നിനുവയുടെ അനുതാപം ഉയർന്ന് സ്വർഗ്ഗവാതിൽ തുറന്നു. അവരുടെ കണ്ണുനീർ കണ്ട നല്ലവന് അവരുടെ പീഡനങ്ങളിൽ അവരോട് ദയതോന്നി. എന്തെന്നാൽ അവർ ജീവനിൽ മരണത്തെ രുചിക്കുകനിമിത്തം ശിക്ഷിക്കപ്പെടാതെ മരിച്ചു. അവരുടെ അപേക്ഷകേട്ട് അവർക്കുള്ള ശിക്ഷാവിധി നീക്കിക്കളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ. പിതാവിനും... ആദിമുതൽ...

മനുഷ്യനിർമ്മിതമല്ലാത്ത സമുദ്രത്തിനുള്ളിൽ പണിതുണ്ടാക്കിയ ഭവനം ആര് കണ്ടിട്ടുണ്ട്? മത്തായിയുടെ പുത്രനായ യൗനാൻ എന്നൊരു നീതിമാൻ അതിൽ വസിച്ചു. തേനിനേക്കാൾ മാധുര്യമുള്ള ഗാനങ്ങൾ അവൻ അതിൽ പാടി. 'ദൈവമേ, എന്നോടു കരുണയുണ്ടാകണമേ. എന്റെ കുററങ്ങൾ എന്നോടു ക്ഷമിക്കണമേ' എന്നവൻ വിളിച്ചപേക്ഷിച്ചു.

## മാർ ബാലായിയുടെ അപേക്ഷ

പാപികളോടു കരുണ ചെയ്യുന്നവനേ, നീ ന്യായം വിധിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ. നിന്റെ കൃപാധികൃത്താൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ.



കണ്ടാലും നിന്റെ നിവാസികൾ നിർമ്മൂലമാക്കപ്പെടുവാൻ തക്കവണ്ണം ദൈവകോപം സമീപസ്ഥമായിരിക്കുന്നു. നിന്റെ ശിക്ഷ വലുതും നിന്റെ വേദന കഠിനവും ആയിരിക്കുന്നു. നിനക്ക് ആകസ്മികമായും എന്തും സംഭവിക്കാവുന്നതിനാൽ നിനക്കു കഷ്ടം.

നിനുവയരുടെ അപേക്ഷ കൈക്കൊണ്ട ദൈവമേ, ഞങ്ങളുടെ അപേക്ഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ. ആയത് നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധാത്മാവിനെയും ഞങ്ങൾ സ്തോത്രം ചെയ്‌വാനായിട്ടുതന്നെ.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമേ.

## കൗമാ

## വിശ്വാസപ്രമാണം